
# ബൈബിൾ സ്റ്റാൻഡാർഡ്

**BIBLE STANDARD (Malayalam)**
**BI-MONTHLY**

ദൈവരാജ്യത്തിന്റെ സുവാർത്താപത്രിക



"നിന്റെ പ്രകാശവും സത്യവും അയച്ചുതരേണമെ;
അവ എന്നെ നടത്തുമാറാകട്ടെ..." (സങ്കീ. 43:3).

**BIBLE STANDARD - OUR ONLY STANDARD**

"ജാതികൾക്കായി ഒരു കൊടി ഉയർത്തുവിൻ"
യെശ. 62:10

**ENGLISH B.S. NO. 938**

ഉൾപേജുകളിൽ.... പേജ്

യഹോവയിൽ ആശ്രയിക്കുക ........................... 2

തന്റെ ജനത്തിന്റെ നേതാക്കന്മാരെ
ദൈവം തന്നെ നിയോഗിക്കുന്നു .................... 9

“നിന്റെ രാജ്യം വരേണമേ” എന്ന്
എന്തിന് പ്രാർത്ഥിക്കണം? ................................16

ബൈബിൾ സംഭാഷണങ്ങൾ ..........................19

ബൈബിൾ ചോദ്യം ........................................ 23

VOL - XVI, ISSUE 5 SEPTEMBER - OCTOBER 2023

# യഹോവയിൽ ആശ്രയിക്കുക
## TRUST IN THE LORD




സ്വന്ത വിവേകത്തിൽ ആശ്രയിക്കാത്ത, കേൾക്കുന്ന ചെവിയും കാണുന്ന കണ്ണുകളുമുള്ളവരെ പൂർണ്ണ ഹൃദയത്തോടെ തന്നിൽ ആശ്രയിക്കുന്നതിന് ദൈവം വിളിച്ചിരിക്കുന്നു. സമർപ്പിതരായ എല്ലാ ദൈവമക്കളും ദൈവത്തെ അംഗീകരിക്കുകയും അവിടുന്ന് നമ്മുടെ മുൻപിൽ വെച്ചിരിക്കുന്ന പാത സ്വീകരിക്കുകയും ചെയ്യണം. “യഹോവയ്ക്കായി കാത്തിരിക്കുക” എന്ന ദൈവത്തിൽ നിന്നുള്ള ആഹ്വാനവും ഇതോടൊപ്പം നമുക്കുണ്ട്. ഇത് യഹോവയ്ക്കായുള്ള ശുശ്രൂഷ എന്നല്ല അർത്ഥമാക്കുന്നത്, മറിച്ച് യഹോവയ്ക്കായി കാത്തിരിക്കുക, അതെ, യഹോവ നമ്മിൽ നിന്നും എന്താണ് ആഗ്രഹിക്കുന്നതെന്ന് മനസ്സിലാക്കുന്നത് വരെ ക്ഷമയോടെ കാത്തിരിക്കുക. ഓരോ ക്രിസ്ത്യാനിയും ദൈവത്താൽ നയിക്കപ്പെടാൻ കാത്തിരിക്കണം, ഒരുവനുവേണ്ടിയുള്ള യഹോവയുടെ ഉദ്ദേശ്യം എന്തെന്നറിയാതെ ദൈവമുമ്പാകെ നാം ധൃതിപ്പെടരുത്. ദൈവജനത്തിൽ പലരും ഈയൊരു നേർവഴിയിൽ തെറ്റുകൾ വരുത്തിയിട്ടുണ്ട്.

നമ്മുടെ വഴികൾ യഹോവയിൽ സമർപ്പിച്ചിരിക്കെ, അവിടുന്ന് നമ്മെ നയിക്കുന്നതിനനുസരിച്ച് മാത്രം നാം മുന്നോട്ട് പോകുക. അവിടുത്തെ ഇഷ്ടം എന്തെന്ന് നമുക്ക് വ്യക്തമല്ലെങ്കിൽ, നാം തിരക്കുകൂട്ടുകയോ സ്വയം നയിക്കാൻ ശ്രമിക്കുകയോ ചെയ്യരുത്. പകരം നമുക്ക് സ്വന്തം ഇഷ്ടമോ വഴിയോ ഉണ്ടാവില്ല എന്നും തന്റെ ഹിതത്താൽ മാത്രം നയിക്കപ്പെടേണമേ എന്ന അപേക്ഷയോടെ ആ വിഷയത്തെ ഏറെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥനയിൽ തന്റെ മുമ്പിൽ വയ്ക്കുക. ശേഷം, നാം അവിടുത്തെ പരിപാലനത്തിന്റെ സൂചനകൾക്കായി കാത്തിരിക്കുകയും തന്റെ വഴിനടത്തിപ്പിനെ പിൻപറ്റുകയും അതിന്റെ ഫലങ്ങളെ ദൈവത്തിന്റെ പക്കൽ സമർപ്പിക്കുകയും ചെയ്യുക. നാം നമ്മുടെ സ്വന്തം തിരഞ്ഞെടുപ്പിനെ അത് ദൈവഹിതമാണെന്നതിന് തെളിവുകളില്ലാത്ത പക്ഷം പിന്തുടരരുത്. നിങ്ങൾ ഇത് ഇങ്ങനെയോ അതോ അങ്ങനെയോ ചെയ്യാൻ പോകുന്നത്? നിങ്ങൾ ഈ സ്ഥലത്തേക്കോ അതോ ആ സ്ഥലത്തേക്കോ പോകുന്നത്? എന്നിങ്ങനെയുള്ള ചോദ്യങ്ങൾ ചിലപ്പോൾ ഉയർന്നുവന്നേക്കാം. ആ വിഷയത്തിൽ യഹോവയുടെ ഇഷ്ടം ഇതുവരെ വ്യക്തമായിട്ടില്ലെങ്കിൽ നമ്മുടെ മനോഭാവവും നമ്മുടെ മറുപടിയും ഇതായിരിക്കണം: ഞാൻ ഇതുവരെ പൂർണ്ണമായി തീരുമാനിച്ചിട്ടില്ല. ഈ വിഷയത്തിൽ യഹോവയുടെ നിർദ്ദേശങ്ങൾ എങ്ങനെ ബാധകമാകുന്നു എന്ന് അറിയുന്നതിന് ഞാൻ അവിടുത്തെ വചനം പരിശോധിക്കും. അല്ലെങ്കിൽ, യഹോവയുടെ കരുതൽ എന്താണ് സൂചിപ്പിക്കുന്നതെന്ന് അറിയാൻ ഞാൻ കാത്തിരിക്കുകയാണ്, ഈ വിഷയത്തിൽ ശരിയായ വഴിയിൽ നയിക്കപ്പെടാൻ ഞാൻ പ്രാർത്ഥിക്കുന്നു. ”ഇത്രയേറെ അകപ്പെടുത്തുന്ന കാര്യങ്ങളിൽ സ്പർശിക്കാൻ ഞാൻ ഭയപ്പെടുന്നു” എന്ന കവിഭാവന ഇവിടെ ശരിയായി പ്രതിഫലിക്കപ്പെട്ടിരിക്കുന്നു.

ബാഹ്യദർശനത്തിൽ, യഹോവയ്ക്കായി കാത്തിരിക്കുന്നവർ എല്ലായ്പോഴും ഏറ്റവും നന്നായി അഭിവൃദ്ധി പ്രാപിക്കുന്നതായി കാണുന്നില്ല. എന്നാൽ ദൈവത്തിനായി കാത്തിരിക്കുമ്പോൾ നാം ധൈര്യമുള്ളവരായിരിക്കണമെന്നാണ് സങ്കീർത്തനക്കാരൻ പ്രഖ്യാപിക്കുന്നത്. നമ്മൾ ശരിയായ പാത പിന്തുടരുന്നതിനാൽ അവിടുത്തെ അനുഗ്രഹം ഉണ്ടായിരിക്കും. നാം യഹോവയെ കാത്തിരിക്കുമ്പോൾ നമ്മിൽ നിന്നും ഒരു തെറ്റും സംഭവിക്കുന്നില്ല. മറ്റുള്ളവർ ആദ്യം തന്നെ മുന്നേറുന്നതായി തോന്നിയേക്കാം, എങ്കിലും നാം കാത്തിരിക്കുകയും യഹോവയിൽ ആശ്രയിക്കുകയും വേണം.

ദൈവത്തിന്റെ കരുതലിന്റെ ഉദ്ദേശ്യങ്ങളെ മനസ്സിലാക്കുക എന്നത് നമുക്കുള്ള അനുഗ്രഹമാണ്. ദൈവവചനം പഠിക്കുക. നിങ്ങളുടെ വിശ്വാസം അതിന്റെ അടിത്തറയിൽ നിന്ന് വ്യതിചലിക്കരുത്. ”ധൈര്യപ്പെട്ടിരിക്കുക!” നല്ല ധൈര്യത്തോടിരിക്കുക എന്നത് വെറും ചെറിയ ധൈര്യമല്ല, വലിയ തോതിലുള്ള ധൈര്യമാണ്. ധൈര്യപ്പെട്ടിരിക്കുക; “അവൻ നിന്റെ ഹൃദയത്തെ ഉറപ്പിക്കും; ഞാൻ പറയുന്നു, യഹോവ

യ്ക്കായി കാത്തിരിക്കുക" (സങ്കീ. 27:14). ഇതിൽ വിവക്ഷിതമായ ആത്മാവിനെ അഥവാ, ചൈതന്യവും ബുദ്ധിവൈഭവവുമുള്ള വ്യക്തിയെ മനസ്സിലാക്കേണ്ടിയിരിക്കുന്നു. യഹോവ നമ്മെ ബലപ്പെടുത്തുകയും സഹിക്കാൻ ശക്തരാക്കുകയും, അവിടുത്തെ ഇഷ്ടം നമ്മെ അറിയിക്കുന്നതിനനുസരിച്ച് പ്രവർത്തിക്കാൻ താൻ നമ്മെ ശക്തരാക്കുകയും പിന്തുണയ്ക്കുകയും ചെയ്യും. യഹോവയെ കാത്തിരിക്കുന്നവർ മറ്റൊന്നും ആഗ്രഹിക്കുകയില്ല.

**വിജയത്തിന് ആവശ്യമായ സ്വഭാവഗുണങ്ങൾ**

ധൈര്യവും മനക്കരുത്തും സ്വർഗീയ പിതാവിന്റെ സേവനത്തിലുള്ള സ്ഥിരോത്സാഹവും ദൈവജനത്തിന് ആവശ്യമാണ്. ഇത്തരം സ്വഭാവങ്ങൾ ലോകത്തിന് പോലും ആവശ്യമാണ്. ഈ സ്വഭാവഗുണങ്ങൾ ഇല്ലാത്തവൻ ജീവിതത്തിൽ പരിമിതമായ വിജയമേ നേടൂ എന്നുള്ളത് ഉറപ്പാണ്. ധൈര്യമില്ലായ്മ, പ്രത്യാശയുടെ അഭാവം എന്നിവ ലോകത്തിലെ പരാജയത്തിന്റെ പ്രധാന കാരണങ്ങളിലൊന്നാണ്. എന്നിരുന്നാലും, നമ്മുടെ പാഠം ശ്രദ്ധ ക്ഷണിക്കുന്നത് ലോകത്തിലേക്കല്ല, മറിച്ച് ദൈവത്തിനുള്ളവരിലേക്കാണ്. ദൈവത്തിന്റെ വചനത്തിലെ വിലയേറിയ വാഗ്ദത്തങ്ങൾ തന്റെ ജനത്തിന് മാത്രമുള്ളവയാണ്. പൂർണ്ണമായും ദൈവജനമായുള്ളവർക്ക് അവ പ്രത്യാശയുടെ എല്ലാ വിവേചനാബുദ്ധിയും നൽകുന്നതോടൊപ്പം ശക്തരും നല്ല ധൈര്യവും ഉള്ളവരായിരിക്കാൻ അവർക്ക് പൂർണ്ണ അവകാശവും നല്കുന്നു. ക്രിസ്തുവിന്റെ അനുയായികൾ എന്ന നിലയിൽ അവർക്കുണ്ടായ അനുഭവങ്ങൾക്കും പരീക്ഷണങ്ങൾക്കും പുറമേ, ദൈവത്തിന്റെ ജനത്തിന് ലോകത്തിലേതിന് സമാനമായ പരീക്ഷകളും അനുഭവങ്ങളും ഉണ്ടാകും. എന്നിരുന്നാലും, ഇവ നമ്മുടെ അടുക്കൽ വരുന്നത് ലോകത്തെപ്പോലെ ആകസ്മികമായ രീതിയിലല്ല, മറിച്ച് യഹോവയുടെ നേരിട്ടുള്ള മേൽനോട്ടത്തിലാണ്.

ഗുരുവിന്റെ സേവനത്തിൽ പുതുതായി വരുന്ന നമ്മൾ, കാര്യങ്ങൾ സുഗമമായി നടക്കണമെന്നും ലോകത്തിന് പൊതുവായുള്ള ബുദ്ധിമുട്ടുകൾ നമുക്ക് ഉണ്ടാവുകയില്ലെന്നും, ഇപ്പോൾ ദൈവം നമ്മെ തന്റെ ജനമായി കാണുന്നതിനാൽ, അവിടുന്ന് നമ്മെ കഷ്ടതകളിൽ നിന്നും ഉപദ്രവങ്ങളിൽ നിന്നും സംരക്ഷിക്കുമെന്നും ഒരു സമയത്തേക്ക് ചിന്തിച്ചേക്കാം. എന്നാൽ വചനത്തെ ആഴത്തിൽ പഠിക്കുമ്പോൾ ഇത് സത്യമല്ലെന്ന് നമുക്ക് വ്യക്തമാകും, കാഴ്ചയാലല്ല വിശ്വാസത്താലത്രേ നാം നടക്കേണ്ടതെന്നു കാണുവാൻ ഇടവരുന്നു. എല്ലാവരുടേയും ദൃഷ്ടിയിലേക്കായി ദൈവത്തിന്റെ കൃപയുടെ ബാഹ്യ പ്രകടനങ്ങൾ പ്രതീക്ഷിക്കേണ്ടതില്ലെന്നും എന്നാൽ ക്രിസ്തുവിന് ഉണ്ടായ അനുഭവങ്ങൾക്ക് സമാനമായി ക്രിസ്ത്യാനികൾ എന്ന നിലയിൽ കഷ്ടാനുഭവങ്ങൾക്ക് നാമും ഭാഗഭാക്കാകേണ്ടതാണെന്ന് നാം മനസ്സിലാക്കുന്നു (1 പത്രൊ. 2:20, 21; അപ്പൊ. 14:22). അപ്പോഴാണ് നാം അനുസരണമുള്ളവർ ആയിരിക്കാൻ പഠിക്കുന്നതും അനുസരണമുള്ളവരായിരിക്കുക എന്നതിന്റെ അർത്ഥമെന്തെന്ന് കണ്ടെത്തുന്നതും.




ഗുരുനാഥനായ യേശുക്രിസ്തു "താൻ അനുഭവിച്ച കഷ്ടങ്ങളാൽ" അനുസരണത്തിന്റെ അർത്ഥം മനസ്സിലാക്കി (എബ്രാ. 5:8). ക്രിസ്തീയ മാർഗം ഒരിക്കലും എളുപ്പമുള്ള പാതയായിരുന്നില്ല. തന്നിൽ വിശ്വസിക്കുന്നതും തന്റെ വചനം പൂർണ്ണമായി സ്വീകരിക്കുന്നതുമായ ഒരു വിഭാഗത്തെയാണ് കർത്താവ് ഇപ്പോൾ വിളിക്കുന്നതെന്ന് തന്റെ അനുയായികളായ നാം മനസ്സിലാക്കുന്നു. "ദൈവം അനുകൂലമാണെങ്കിൽ, ആർ അവർക്കെതിരാകും?" എന്ന് കാലക്രമേണ അവർ കാണും. പരിശോധനകൾ ഉണ്ടാവുകയും, തങ്ങൾ പ്രതീക്ഷിച്ചതുപോലെ കാര്യങ്ങൾ നടക്കുന്നില്ല എന്നും അവർ പറയും, "ദൈവത്തെ സ്നേഹിക്കുന്നവർക്ക് എല്ലാം നന്മയ്ക്കായി കൂടി വ്യാപരിക്കുന്നുവെന്ന് ഞങ്ങൾക്കറിയാം." അതുകൊണ്ട്, ക്രിസ്തുവിന്റെ വിദ്യാലയത്തിൽ നാം പുരോഗതി പ്രാപിക്കുകയും യഹോവയുടെ വചനത്താൽ നയിക്കപ്പെടുകയും ചെയ്യുമ്പോൾ, നല്ല ധൈര്യം ഉള്ളവരായിരിക്കാനും ക്രിസ്തീയ മാർഗത്തിൽ മുന്നോട്ട് പോകാനുമുള്ള ഉപദേശവും അതോടൊപ്പം നമുക്കുണ്ട്. ഭാവിയിൽ അനേകം ബുദ്ധിമുട്ടുകളും പ്രതിബന്ധങ്ങളും ഉണ്ടാകും, അവയെ തരണം ചെയ്യുവാൻ ധൈര്യം

ആവശ്യമാണ്. ദൈവത്തിലും അവിടുത്തെ "അതി ശ്രേഷ്ഠവും വിലയേറിയതുമായ വാഗ്ദത്തങ്ങളിൽ" ഉള്ള വിശ്വാസത്തിൽ നിന്നും ഉടലെടുത്ത ധൈര്യം, നാം തളർന്നു പോകാവുന്നതായ സാഹചര്യങ്ങളിൽ നമ്മെ ശക്തിപ്പെടുത്തുന്നു. ലോകത്തിന് അപരിചിതമായ ശക്തി അത് പ്രദാനം ചെയ്യുന്നു.

### കാണ്മാൻ കഴിയാത്തവയിലുള്ള നമ്മുടെ വിശ്വാസം

യേശുവിന്റെ അനുഗാമികളായിരിക്കെ യഹോവയുടെ വാഗ്ദത്തങ്ങൾ നമുക്ക് അകന്നതും അപ്രാപ്യവും ആയിത്തീരുന്നതിനാലാണ് നാം നിരുത്സാഹികളും കർത്താവിലുള്ള പ്രത്യാശയും ശക്തിയും നമുക്ക് നഷ്ടമാവുകയും ചെയ്യുന്നത്. ധൈര്യം നഷ്ടപ്പെടുക എന്നാൽ വിശ്വാസം നഷ്ടപ്പെടുക എന്നാകുന്നു. വിശ്വാസവും ധൈര്യവും നഷ്ടമാകുന്നത് ഒരു ദൈവപൈതലിനെ തന്റെ ശത്രുക്കളുടെ മുമ്പിൽ ബലഹീനനാക്കുന്നു. ദൈവത്തിന്റെ കരുതലുകളും ഉദ്ദേശ്യങ്ങളും നമ്മുടെ കണ്ണുകളിൽ നിന്ന് മറഞ്ഞിരിക്കുമ്പോഴും ദൈവികമായ നമ്മുടെ വേലയുടെ ശ്രമങ്ങൾ തടയപ്പെട്ടതായി തോന്നുമ്പോൾ പോലും നാം നമ്മുടെ പിതാവിൽ വിശ്വസിക്കണം. നമുക്ക് അപ്പൊസ്തലന്മാരിലേക്കും അവരുടെ അനുഭവങ്ങളിലേക്കും തിരിഞ്ഞുനോക്കാം. സുവിശേഷത്തിന്റെ സന്ദേശം മറ്റുള്ളവരിലേക്ക് എത്തിക്കാൻ പൗലൊസ് അപ്പൊസ്തലൻ അത്യധികം ആഗ്രഹിച്ചിരുന്നു. പലതവണ ഏഷ്യയിലേക്ക് പോകാൻ അദ്ദേഹം ശ്രമിച്ചെങ്കിലും പോകുന്നതിൽ തടസങ്ങൾ ഉണ്ടായി. എന്തുകൊണ്ട്, എന്തിനാലാണ് തന്റെ ശ്രമങ്ങൾ ഇങ്ങനെ പരാജയപ്പെടുന്നത് എന്ന് അദ്ദേഹം ചിന്തിക്കാൻ തുടങ്ങി. എന്നാൽ പകരം ഗ്രീസിലേക്ക് പോകണമെന്ന് കർത്താവ് അദ്ദേഹത്തോട് വെളിപ്പെടുത്തി. തെസ്സലോനിക്ക്യയിലെ സഭയ്ക്കുള്ള തന്റെ ആദ്യ ലേഖനത്തിൽ അദ്ദേഹം എഴുതി, "അതുകൊണ്ടു നിങ്ങളുടെ അടുക്കൽ വരുവാൻ ഞങ്ങൾ, വിശേഷാൽ പൌലൊസ് ആയ ഞാൻ ഒന്നു രണ്ടു പ്രാവശ്യം വിചാരിച്ചു, എന്നാൽ സാത്താൻ ഞങ്ങളെ തടുത്തു" (1 തെസ്സ. 2:18). എന്നാൽ കർത്താവ് സാത്താന്റെ കുതന്ത്രങ്ങളിൽ മേൽവിചാരണ നടത്തുകയും അവയെ തന്റെ മഹത്വത്തിനായി പ്രവർത്തിക്കാൻ കാരണമാക്കുമെന്നും നമുക്ക് ഉറപ്പുള്ളതോടൊപ്പം ക്ഷമയുടെയും സമർപ്പണത്തിന്റെയും പാഠം തന്റെ മക്കൾക്ക് ഒരു അനുഗ്രഹവുമായിരിക്കുകയും ചെയ്യും.

നമ്മുടെ കർത്താവിന് ഗെതസമന തോട്ടത്തിൽ വച്ച് ദൈവത്തിലുള്ള വിശ്വാസം നഷ്ടപ്പെട്ടിരുന്നില്ലെങ്കിൽ കൂടി ഒരു സമയത്തേക്ക് താൻ ഭയാശങ്കയിലായിരുന്നുവെന്ന് നാം കാണുന്നു. ഭൂമിയിലെ തന്റെ പ്രവൃത്തികളുടെ അവസാന മണിക്കൂറുകളിലെത്തിയപ്പോൾ താൻ പിതാവിന്റെ എല്ലാ ഉപാധികളും വിശ്വസ്തതയോടെ അനുസരിക്കുന്നുണ്ടോ ഇല്ലയോ എന്ന സന്ദേഹം യേശുവിനുണ്ടായി. ദൈവീക പ്രമാണത്തിൽ നിന്നുള്ള നേരിയ വ്യതിചലനത്തിന്റെ ഫലം നിത്യമരണമായിരിക്കുമെന്ന് തനിക്ക് അറിയാമായിരുന്നു. തന്റെ യാഗം സ്വീകാര്യമായ രീതിയിൽ പൂർത്തിയാക്കിയിരുന്നുവോ? ഒരു പുനരുത്ഥാനത്താൽ മരണത്തിൽ നിന്ന് സ്വർഗീയ മഹത്വത്തിലേക്ക് താൻ ആനയിക്കപ്പെടുമോ? അങ്ങനെയെന്നാൽ താൻ പൂർണമായി വിശ്വസ്തനായിരുന്നു എന്ന ഉറപ്പ് പിതാവിൽ നിന്ന് തനിക്ക് ലഭിച്ചിട്ടുണ്ട്. തന്റെ അർപ്പണ ജീവിതത്തിൽ ഗുരു അനുഭവിച്ച എല്ലാ പരീക്ഷകളും പ്രയാസങ്ങളും, നിഴലിൽ കാണിച്ചിരുന്നതുപോലെ, തിരശീലയ്ക്കപ്പുറം അതിവിശുദ്ധത്തിലേക്ക് ഒരു സൌരഭ്യ ധൂപവർഗ്ഗമായി, വിലയേറിയ സുഗന്ധദ്രവ്യമായി തന്നെ നയിച്ചു (ലേവ്യ. 16:12, 13).

നമ്മുടെ കർത്താവായ യേശുവിന്റെ കാലത്ത് താൻ ക്രൂശിക്കപ്പെടുന്നതിനു മുമ്പ്, നമ്മുടെ കർത്താവിന് ഈ ഒരു പാതയിൽ ധൈര്യം പകരുന്നതിന് ഒരു ഭൗമിക ജീവി ഉണ്ടായിരുന്നില്ല. [നിങ്ങൾ എല്ലാം കൃത്യമായി ചെയ്തു, ഇതിലും നന്നായി ചെയ്യാൻ നിങ്ങൾക്ക് കഴിയുമായിരുന്നില്ല, എന്ന് പറയാൻ ആരുമുണ്ടായിരുന്നില്ല]. അതിനാൽ, ഈ ഉറപ്പിനും ശക്തിക്കും ധൈര്യത്തിനും വേണ്ടി ഗുരു ഏകനായി പിതാവിനെ സമീപിച്ചു. യേശു പ്രാർത്ഥിച്ചു: "ഈ പാനപാത്രം എന്നിൽ നിന്നു നീങ്ങിപ്പോകേണമേ; എങ്കിലും ഞാൻ ഇച്ഛിക്കുന്നതുപോലെയല്ല, നീ ഇച്ഛിക്കുന്നതുപോലെ ആകട്ടെ." പിതാവ് തന്റെ പ്രാർത്ഥന കേൾക്കുകയും ആവശ്യമായ ഉറപ്പും ശക്തിയും നൽകുകയും ചെയ്തു. താൻ ഭയപ്പെടുന്നതിനെപ്പറ്റി പിതാവിനോട് ചോദിച്ചറിയുകയും, ആ രാത്രിയിലും പിറ്റേന്നും ക്രൂശുമരണത്തിന്റെ നാഴിക വരെ അവിടുന്ന് ശാന്തനും ധീരനുമായിരിക്കുകയും ചെയ്തു.

നിയന്ത്രിതമായ ഉത്കണ്ഠ നമുക്ക് നല്ലതാണ്, എന്നാൽ അത് നമ്മുടെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുകയും നമ്മുടെ ധൈര്യത്തെ നശിപ്പിക്കുകയും ചെയ്യുന്ന ഘട്ടത്തിലേക്ക് പോകരുത്. വിശുദ്ധ പൗലൊസ് അനുശാസിച്ച ഭയം നമുക്കുണ്ടാകണം, "അവിടുത്തെ സ്വസ്ഥതയിൽ പ്രവേശിപ്പാനുള്ള വാ

ശത്തം ശേഷിച്ചിരിക്കയാൽ നിങ്ങളിൽ ആർക്കെങ്കിലും അത് ലഭിക്കാതെപോയി എന്ന് വരാതിരിപ്പാൻ നാം ഭയപ്പെടുക" (എബ്രാ. 4:1). ഇവിടെ പരാമർശിച്ചിരിക്കുന്ന ഭയം, യഹോവയുടെ അപ്രീതി വരുത്തുന്നതിൽ ഒരാൾക്ക് ഉണ്ടായിരിക്കേണ്ട ആഴമായ ആശങ്കയാണ്. ഈ ശരിയായ ഭയം ഗുരുവിന് ഉണ്ടായിരുന്നു. അവിടുന്ന് ഒരിക്കലും നിരുത്സാഹിയായിത്തീരുകയോ, പിതാവ് തനിക്കു നൽകിയ പ്രവൃത്തിയിൽ നിന്ന് പിന്മാറുകയോ ചെയ്തില്ല. യേശുവിന്റെ ഭയം ഭയഭക്തിയെ കുറിച്ചുള്ളതായിരുന്നു, അത് പിതാവിനെ പൂർണ്ണമായി പ്രസാദിപ്പിക്കുന്നതിനുവേണ്ടി തന്നിൽ ഒരു ജാഗ്രതയും കരുതലും, പെരുമാറ്റത്തിന്റെയും ജീവിതത്തിന്റെയും സൂക്ഷ്മപരിശോധനയും ജനിപ്പിച്ചു. ഇത് എല്ലാ ക്രിസ്ത്യാനികൾക്കും ഉണ്ടായിരിക്കണം. ചില പ്രത്യേകാവകാശങ്ങളോ കടമകളോ അവഗണിക്കപ്പെട്ടു പോകാതിരിക്കാനും നാം ശ്രദ്ധിക്കണം.




ഈ നിയന്ത്രണ വിധേയമായ ചിന്താകുലങ്ങൾ നമ്മെ സൂക്ഷ്മമായ സ്വയപരിശോധനയിലേക്ക് നയിക്കും. നാം സ്വയം ഇങ്ങനെ ചോദിക്കണം, "ഞാൻ എന്താണ് വിശ്വസിക്കുന്നത്? എന്തുകൊണ്ടാണ് ഞാൻ അത് വിശ്വസിക്കുന്നത്? ഞാൻ യഹോവയിൽ ആശ്രയിക്കുന്നുണ്ടോ? നാം വീണ്ടും താഴ്വരയിലൂടെ പോകണം. സത്യത്തോട് ചേർന്ന് ശരിയായി നിൽക്കുന്നു എന്നത് നാം മനസ്സിൽ ആവർത്തിച്ച് തെളിയിക്കണം. അങ്ങനെ ചെയ്യുന്നതിലൂടെ, കർത്താവ് നമ്മെ വിശ്വാസത്തിൽ ബലപ്പെടുത്തുകയും നമ്മുടെ ഹൃദയത്തെ ശക്തിപ്പെടുത്തുകയും ചെയ്യും. നാം നമ്മുടെ സ്വന്ത ശക്തിയിൽ പ്രതീക്ഷ അർപ്പിക്കുന്നുവെങ്കിൽ, ജീവിത പ്രതിസന്ധികളെ തരണം ചെയ്യുക എന്നത് വളരെ അപകടകരമായ സ്ഥിതിയിലായിത്തീരും. അത്തരമൊരു സ്വയ-കേന്ദ്രീകൃത സാഹചര്യത്തിൽ നാം പ്രത്യാശാനാശത്തിന്റെ മുനമ്പിലാവുകയും കൂടുതൽ ഭീരുക്കളായി മാറി എല്ലാ ആത്മവിശ്വാസവും നഷ്ടപ്പെടുകയും ചെയ്തേക്കാം. അപ്പോൾ നമ്മുടെ സമ്പൂർണ്ണമായ നിസ്സഹായതയും ബലഹീനതയും തിരിച്ചറിഞ്ഞ്, മാർഗനിർദേശത്തിനും പിന്തുണയ്ക്കുമായി കർത്താവിൽ പൂർണ്ണമായി ആശ്രയിക്കേണ്ടതിന്റെ ആവശ്യകതയും മനസ്സിലാക്കിയേക്കാം. ഇപ്രകാരമൊരു അനുഭവത്തിലൂടെ കടന്നുപോകുന്നതിലൂടെയും, "കർത്താവിനെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും; അവർ കഴുകന്മാരെപ്പോലെ ചിറകടിച്ചു കയറും; അവർ തളർന്നുപോകാതെ ഓടുകയും ക്ഷീണിച്ചുപോകാതെ നടക്കുകയും ചെയ്യും." (യെശ. 40:31) എന്ന വാഗ്ദത്തവും നമുക്ക് ഉള്ളതിനാൽ കർത്താവിനെ കാത്തിരിക്കുവാൻ നാം അഭ്യസിക്കുകയും ചെയ്യുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

**മഹത്തായ അനുഗ്രഹങ്ങൾക്കായി ദൈവത്തെ വാഴ്ത്തുക**

ക്രിസ്തുവിലേക്ക് വരുന്ന ഒരുവന്റെ അനുഭവങ്ങൾ, സങ്കീ. 40 -ൽ പറയുന്ന ദാവീദിന്റെ അനുഭവങ്ങൾക്ക് സമാനമാണ്. "നാശകരമായ കുഴിയിൽ നിന്നും കുഴഞ്ഞ ചേറ്റിൽ നിന്നും അവൻ എന്നെ കയറ്റി" എന്ന് അതിൽ പറയുന്നു. നാം ആദാമ്യ പാരമ്പര്യത്താലുള്ള അധഃപതനത്തിന്റെ ഭയാനകമായ കുഴിയിൽ ആയിരുന്നു. നമ്മുടെ മോശമായ ശീലങ്ങൾ പോലുള്ളവയാൽ സ്വയം വരുത്തിവെച്ച ഏറിയ അധഃപതനത്തിന്റെ ചെളിക്കുഴിയിൽ നാം ആയിത്തീർന്നിരുന്നു. "അവൻ എന്റെ കാലുകളെ ഒരു പാറമേൽ നിർത്തി" എന്നും പറയുന്നു. ഈ പാറ യേശുക്രിസ്തുവാണ്. പാറയായ തന്റെ മേൽ കാലുകളെ നിർത്താൻ, നാം യേശുവിനെ നമ്മുടെ സ്വന്തം രക്ഷകനായി സ്വീകരിച്ചിരിക്കണം. ദൈവം "എന്റെ ഗമനത്തെ സ്ഥിരമാക്കി". നാം നമ്മുടെ ഹൃദയവും ജീവിതവും ദൈവത്തിനു സമർപ്പിക്കുമ്പോൾ, അവിടുന്ന് നമ്മുടെ ജീവിത ഗതിയെ ഉറപ്പിക്കുകയും, തന്റെ രാജ്യത്തിലെ ഒരു സ്ഥാനത്തേക്കാണ് നാം പോകുന്നതെന്ന് നാമറിയുകയും ചെയ്യും.

വാക്യം 3 -ൽ പറയുന്നത്, "അവൻ എന്റെ വായിൽ പുതിയോരു പാട്ടു തന്നു, നമ്മുടെ ദൈവത്തിനു സ്തുതി തന്നേ; പലരും അതു കണ്ടു ഭയപ്പെട്ടു യഹോവയിൽ ആശ്രയിക്കും. യഹോവയെ തന്റെ ആശ്രയമാക്കുന്ന മനുഷ്യൻ ഭാഗ്യവാൻ." നമ്മുടെ വായിലെ ഈ പുതിയ പാട്ട് മോശെയുടെയും കുഞ്ഞാടിന്റെയും ഗാനമാണ്, അത് തീർച്ചയായും ദൈവത്തിന് സ്തുതിയാണ്. മോശയുടെ പാട്ട് പഴയനിയമത്തിന്റെ സന്ദേശമാണ്, പ്രധാനമായും തിരഞ്ഞെടുപ്പിൽ ഉൾപ്പെടാത്തവർക്കായി ഭൂമിയിലെ നിത്യജീവനായു

ള്ള രക്ഷയുടെ യഥാസ്ഥാപന സന്ദേശം (അപ്പൊ. 3:19-21). കുഞ്ഞാടിന്റെ പാട്ട് പുതിയ നിയമത്തിന്റെ പ്രധാന സന്ദേശമായ തിരഞ്ഞെടുപ്പിൻ രക്ഷയാണ്. അത് മനുഷ്യവർഗത്തിൽ നിന്ന് ഈ അബ്രഹാമിന്റെ സഹസ്രാബ്ദപൂർവ്വ സന്തതിയെ തിരഞ്ഞെടുക്കുന്നതും, അവരാൽ പിൻവരുന്ന സഹസ്രാബ്ദയുഗത്തിൽ ഭൂമിയിലെ എല്ലാ കുടുംബങ്ങളേയും യഥാസ്ഥാപന (പുനഃസ്ഥാപന) ത്തിന്റെ അവസരത്തിലൂടെ അനുഗ്രഹിക്കുന്നതുമാണ് (ഉൽപ. 12:3; 22:16-18; ഗലാ. 3:8,16,29). ഈ സന്ദേശം കേൾക്കുവാനും ദൈവത്തെ സ്നേഹബഹുമാനത്തോടെ ആദരിക്കുവാനും ദൈവത്തിൽ ആശ്രയിക്കുവാനും നാം മറ്റുള്ളവരെ തീർച്ചയായും സഹായിക്കണം!

നമുക്ക് സങ്കീ. 56:4 –ാം വാക്യവും ശ്രദ്ധിക്കാം, "ഞാൻ ദൈവത്തിൽ അവിടുത്തെ വചനത്തെ പുകഴും, ഞാൻ ദൈവത്തിൽ ആശ്രയിക്കുന്നു; ഞാൻ ഭയപ്പെടുകയില്ല, ജഡത്തിന് എന്നോട് എന്തു ചെയ്യാൻ കഴിയും?" വാക്യം 10 -ൽ പറയുന്നത്, "ഞാൻ ദൈവത്തിൽ അവിടുത്തെ വചനത്തെ പുകഴും; ഞാൻ യഹോവയിൽ അവിടുത്തെ വചനത്തെ പുകഴും." നാം ബൈബിളിനെ ദൈവത്തിന്റെ വചനമാണെന്ന് ഓർക്കുകയും, ദൈവത്തെയും അവിടുത്തെ പദ്ധതിയെയും കുറിച്ച് കൂടുതൽ പഠിക്കുകയും, ക്രിസ്തുവിലൂടെ തന്റെ രാജ്യത്തിൽ നിത്യജീവൻ എങ്ങനെ നേടാമെന്ന് പഠിക്കുകയും ചെയ്യുന്നതിനാൽ നാം തീർച്ചയായും അതിനെ (ബൈബിൾ) പുകഴ്ത്തും. നാം എത്രയധികം അവയെ കാണുകയും മനസ്സിലാക്കുകയും ചെയ്യുന്നുവോ അത്രയധികം നാം ദൈവത്തിൽ വിശ്വസിക്കുകയും അവിടുത്തെ സമാധാനം നേടുകയും, അത് ദൈവത്തെ കൂടുതൽ സ്തുതിക്ക് യോഗ്യനാക്കുകയും ചെയ്യുന്നു. ബൈബിളിനും ദൈവത്തിന്റെ വിശുദ്ധ വചനത്തിനും അതിലെ അത്ഭുതകരമായ ഉപദേശപരവും സാന്മാർഗ്ഗീകവുമായ പഠിപ്പിക്കലുകൾക്കുമായി ദൈവത്തെ സ്തുതിക്കുക! നിന്റെ ദയ (കൃപ) ജീവനെക്കാൾ നല്ലതാകയാൽ എന്റെ അധരങ്ങൾ നിന്നെ സ്തുതിക്കും.

സങ്കീ. 66: 1, 2, 4 -ൽ ഇപ്രകാരം പറയുന്നു: "സർവ്വഭൂമിയുമായുള്ളോവേ, ദൈവത്തിനു ഘോഷിപ്പിൻ; അവിടുത്തെ നാമത്തിന്റെ മഹത്വം കീർത്തിപ്പിൻ; അവിടുത്തെ സ്തുതി മഹത്വീകരിപ്പിൻ. സർവ്വഭൂമിയും നിന്നെ നമസ്കരിച്ചു പാടും; അവർ നിന്റെ നാമത്തിന് കീർത്തനം പാടും." ഹല്ലേലൂയാ! നമ്മുടെ ദൈവം എത്ര സ്തുത്യൻ! തുടർന്നുള്ള 8, 9 വാക്യങ്ങൾ, "വംശങ്ങളേ, നമ്മുടെ ദൈവത്തെ വാഴ്ത്തുവിൻ, അവിടുത്തെ സ്തുതിയെ ഉച്ചത്തിൽ കേൾപ്പിപ്പിൻ, അവൻ നമ്മെ ജീവനോടെ കാക്കുന്നു; നമ്മുടെ കാലടികൾ വഴുതുവാൻ സമ്മതിക്കുന്നതുമില്ല." ദൈവത്തെ വാഴ്ത്തുന്നത് അവനിലെ കീർത്തിയെ പ്രതിഫലിപ്പിക്കുന്ന കാര്യങ്ങൾ പറഞ്ഞുകൊണ്ടാണ്. നമുക്ക് അവിടുത്തെ മഹത്വം കൃത്രിമമായി വർധിപ്പിക്കാൻ കഴിയുകയില്ല. ദൈവത്തിന് യഥാർത്ഥത്തിൽ നമ്മുടെ പ്രശംസ ആവശ്യമില്ല എങ്കിലും അവിടുന്ന് അത് ഇഷ്ടപ്പെടുകയും അഭിനന്ദിക്കുകയും ചെയ്യുന്നു. നാം തന്റെ നിർണ്ണയങ്ങളെ മറ്റുള്ളവരെ അറിയിക്കുമ്പോൾ അത് തന്റെ മഹത്വം കൂടുതൽ പ്രസിദ്ധമാക്കുകയും, അത് തനിക്ക് സ്തുതിക്ക് കാരണമാവുകയും ചെയ്യുന്നു. ഹല്ലേലൂയാ!

## കർത്താവിലുള്ള വിശ്വാസം സ്തുതിയിലൂടെ പ്രകടിപ്പിക്കുക

പുതിയ നിയമത്തിലും പല സന്ദർഭങ്ങളിൽ ദൈവത്തെ സ്തുതിക്കുന്നതിനെ പരാമർശിക്കുന്നുണ്ടെങ്കിലും അത് പലപ്പോഴും മഹത്വം എന്നോ അല്ലെങ്കിൽ സമാനമായ ചില പദങ്ങളാലോ ദൈവത്തെ സ്തുതിക്കുക എന്ന അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നു. പെന്തെക്കൊസ്തിൽ പരിശുദ്ധാത്മാഭിഷേകത്തിന് ശേഷം ശിഷ്യന്മാർ വീട്ടിൽ അപ്പം നുറുക്കി ഉല്ലാസത്തോടെ ഭക്ഷിച്ചതെങ്ങനെയെന്ന് അപ്പൊ. 2:46 പറയുന്നു. വാക്യം 47 പറയുന്നതിങ്ങനെയാണ്, അവർ "ദൈവത്തെ സ്തുതിക്കുകയും സകല ജനത്തിന്റെയും കൃപ അനുഭവിക്കുകയും ചെയ്തു."

ക്രിസ്തുവിനെ പ്രസംഗിച്ചതിന് നിരവധി പ്രഹരങ്ങളേറ്റ ശേഷം തടവിലാക്കപ്പെട്ട പൗലൊസിനെയും ശീലാസിനെയും സംബന്ധിച്ച് അപ്പൊ. 16:25 -ൽ പറയുന്നു. എന്നിരുന്നാലും അവർ അർദ്ധരാത്രിയിൽ പ്രാർത്ഥിക്കുകയും ദൈവത്തെ പാടി സ്തുതിക്കുകയും ചെയ്തപ്പോൾ ദൈവം അത്ഭുതകരമായി അവരെ സ്വതന്ത്രരാക്കുന്നതിന് ഇടയാക്കി. നാം ദൈവത്തെ സ്തുതിക്കുമ്പോൾ ചിലപ്പോൾ അത്ഭുതകരമായ കാര്യങ്ങൾ സംഭവിക്കുന്നു!

ഏഫെ. 1:3-7 -ൽ അപ്പൊസ്തലനായ പൗലൊസ്, മഹത്തായ ആത്മീയ അനുഗ്രഹങ്ങൾ നൽകിയതിനാലും അതോടൊപ്പം "തിരുഹിതത്തിന്റെ പ്രസാദപ്രകാരം, യേശുക്രിസ്തു മുഖാന്തരം നമ്മെ ദത്തെടുക്കേണ്ടതിന് അവൻ പ്രിയനായവയിൽ നമുക്ക് സൌജന്യമായി നല്കിയ തന്റെ കൃപാമഹത്വത്തിന്റെ പുകഴ്ചെയ്ക്കായി സ്നേഹത്തിൽ നമ്മെ മുന്നിയമിക്കുക

യും ചെയ്തു", എന്നതിനാലും ദൈവത്തെ വാഴ്ത്തപ്പെട്ടവൻ എന്ന് വിളിക്കുന്നു. വിശാലമായ അർത്ഥത്തിൽ യേശുക്രിസ്തുവിലുള്ള എല്ലാ വിശ്വാസികളും ക്രിസ്തുവിൽ ഉള്ളവരും പ്രിയപ്പെട്ടവരും ദൈവത്താൽ അംഗീകരിക്കപ്പെട്ടവരുമാണ്.

എഫെ. 5:18-20 -ൽ നാം വായിക്കുന്നത്, "ആത്മാവു നിറഞ്ഞവരായി സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മീക ഗീതങ്ങളാലും തമ്മിൽ സംസാരിച്ചും നിങ്ങളുടെ ഹൃദയത്തിൽ (ഹൃദയംഗമമായ സ്തുതി) കർത്താവിന് പാടിയും കീർത്തനം ചെയ്തും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ദൈവവും പിതാവുമായവന് എല്ലായ്പ്പോഴും എല്ലാറ്റിനും വേണ്ടിയും സ്തോത്രം ചെയ്യുക".

കൊലോ. 3:15-17 -ൽ സമാനമായ ഒരു ഉദ്ബോധനം നാം കാണുന്നു: "നന്ദിയുള്ളവരായിരിക്കുവിൻ, സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മികഗീതങ്ങളാലും തമ്മിൽ പഠിപ്പിച്ചും ബുദ്ധിയുപദേശിച്ചും നന്ദിയോടെ നിങ്ങളുടെ ഹൃദയങ്ങളിൽ ദൈവത്തിന്നു പാടിയും [യഹോവയുടെ ജനമെന്ന നിലയിൽ നമുക്കെല്ലാവർക്കും നമ്മുടെ ഹൃദയങ്ങളിലും മനസ്സുകളിലും (ഇടയ്ക്കിടെ ചുണ്ടുകളിലും) സ്തുതിയുടെ ഒരു ഹല്ലേലൂയ തുടർച്ചയായി ഉണ്ടായിരിക്കണം] ഇങ്ങനെ ക്രിസ്തുവിന്റെ വചനം ഐശ്വര്യമായി സകല ജ്ഞാനത്തോടും കൂടെ നിങ്ങളിൽ വസിക്കട്ടെ. നിങ്ങൾ വാക്കിനാലോ, ക്രിയയാലോ എന്തു ചെയ്താലും സകലവും കർത്താവായ യേശുവിന്റെ നാമത്തിൽ ചെയ്തും അവൻ മുഖാന്തരം പിതാവായ ദൈവത്തിന്നു സ്തോത്രം പറഞ്ഞും കൊണ്ടിരിപ്പിൻ."

എബ്രാ. 13:15, 16 -ൽ പറയുന്നത്, "അതുകൊണ്ടു അവൻ മുഖാന്തരം നാം ദൈവത്തിന്നു അവിടുത്തെ നാമത്തെ [അവിടുത്തെ മഹത്തായ സ്വഭാവങ്ങൾ എന്നിവ..] ഏറ്റു പറയുന്ന അധരഫലം എന്ന സ്തോത്രയാഗം ഇടവിടാതെ അർപ്പിക്കുക. നന്മചെയ്‌വാനും കൂട്ടായ്മ കാണിപ്പാനും മറക്കരുത്; ഈവക യാഗത്തിലല്ലോ ദൈവം പ്രസാദിക്കുന്നത്." എല്ലാവരോടും, പ്രത്യേകിച്ച് വിശ്വാസ-ഭവനത്തിന് നന്മ ചെയ്യുന്നതിൽ നാം ഉത്സാഹമുള്ളവരായിരിക്കുക എന്നത് ദൈവത്തിങ്കലേക്കുള്ള ധൂപം പോലെ നിരന്തരം ഉയരുന്ന സ്തുതികളാണ് (ഗലാ. 6:10). നാം ദൈവത്തിന്റെയും അവിടുത്തെ മഹത്തായ സ്വഭാവ ഗുണങ്ങളുടെയും കീർത്തി നിരന്തരം പ്രതിഫലിപ്പിക്കണം.

1 പത്രൊ. 2:9 -ൽ അപ്പൊസ്തലൻ സഭയെ അഭിസംബോധന ചെയ്യുന്നത്, "നിങ്ങളോ അന്ധകാരത്തിൽനിന്നു തന്റെ അത്ഭുത പ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാന്തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയപുരോഹിതവർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവും ആകുന്നു" എന്നാണ്. തന്റെ ജനമെല്ലാം തന്നെപ്പോലെ തന്നെ ആയിരിക്കാനും തന്റെ സൽഗുണങ്ങളെ ഘോഷിക്കുന്നതിനും ദൈവം ആഗ്രഹിക്കുന്നു, കാരണം അവിടുന്ന് നമ്മെ അന്ധകാരത്തിൽ നിന്ന് തന്റെ അത്ഭുതകരമായ വെളിച്ചത്തിലേക്ക് വിളിച്ചിരിക്കുന്നു!

1 പത്രൊസ് 4:11-ൽ പറയുന്നത്, "ഒരുത്തൻ പ്രസംഗിക്കുന്നു എങ്കിൽ ദൈവത്തിന്റെ അരുളപ്പാടു പ്രസ്താവിക്കുന്നു എന്ന പോലെയും, ഒരുത്തൻ ശുശ്രൂഷിക്കുന്നു എങ്കിൽ ദൈവം നല്കുന്ന പ്രാപ്തിക്കു ഒത്തവണ്ണവും ആകട്ടെ. എല്ലാറ്റിലും ദൈവം യേശുക്രിസ്തുമൂലം മഹത്വപ്പെടുവാൻ ഇടവരട്ടെ. മഹത്വവും ബലവും എന്നെന്നേക്കും അവന്നുള്ളത്." ദൈവം മഹത്വീകരിക്കപ്പെടുന്നു എന്നതിന് ദൈവത്തെ സ്തുതിക്കുന്നു എന്നാണർത്ഥം. യേശുവും അതോടൊപ്പം സ്തുതിക്കപ്പെടേണ്ടവനാണ്.

അതുപോലെ മത്താ. 5:16 -ൽ പറയുന്നത്, "അങ്ങനെതന്നേ മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ട്, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ"- അതായത്, അവർ ദൈവത്തെ സ്തുതിക്കുമെന്നർത്ഥം. 1 പത്രൊസ് 5:11 -ൽ പറയുന്നു, "അവന് എന്നെന്നേക്കും മഹത്വവും ആധിപത്യവും ഉണ്ടാകട്ടെ." യൂദാ 25 -ൽ പറയുന്നു, "നമ്മുടെ രക്ഷിതാവായ ഏകജ്ഞാനിയായ ദൈവത്തിന്, ഇന്നും എന്നെന്നേക്കും മഹത്വവും തേജസ്സും ആധിപത്യവും ശക്തിയും ഉണ്ടാകട്ടെ." ഇത് തന്നെ എപ്പോഴും നമ്മുടെ ഭാവമായിരിക്കട്ടെ!



**എല്ലാ ആവശ്യങ്ങളിലും സമൃദ്ധമായി ചൊരിയപ്പെടുന്നു**

കർത്താവുമായി പൂർണ്ണ ബന്ധത്തിൽ നിലനിൽക്കുന്ന അവിടുത്തെ ആടുകൾക്ക് ഒന്നിനും കുറവുണ്ടാവുകയില്ല. അവരുടെ എല്ലാ ആവശ്യങ്ങളും താൻ നിവർത്തിച്ചു കൊടുക്കും. ഇത് വലിയ ഭൗമീക സമ്പത്തോ പേരോ പ്രശസ്തിയോ ആഡംബരമോ ആയിരിക്കണമെന്നില്ല. ജഡീക യിസ്രായേലിന് കർത്താവ് നല്കിയ അനുഗ്രഹങ്ങൾ ഭൂമിയിലെ അനുഗ്രഹങ്ങളായിരുന്നു, അവരുടെ എല്ലാ ഭൗമിക ആവശ്യങ്ങളും ദൈവം നിവർത്തിച്ചു കൊടുത്തു. എന്നാൽ ആത്മീയ യിസ്രായേലിനുള്ള തന്റെ അനുഗ്രഹങ്ങൾ ആത്മീയ അനുഗ്രഹങ്ങളാണ്. ഇവയിൽ നിന്ന് "അവൻ ഒരു നന്മയും മുടക്കുകയില്ല" - അതെ, അവരുടെ ആത്മീയ അഭിവൃദ്ധിക്കു ആവശ്യമായ ശിക്ഷകളും ദുഃഖകരമായ അനുഭവങ്ങൾ പോലും എന്നർത്ഥമാകുന്നു.

യഹോവയുടെ ആടുകളെന്ന നിലയിൽ നമുക്ക് പച്ച പുൽപ്പുറങ്ങളും സത്യത്തിന്റെ ശീതളവും നവോന്മേഷദായകവുമായ വെള്ളവും നൽകപ്പെടുമെന്ന് 23-ാം സങ്കീർത്തനം ഉറപ്പുനൽകുന്നു. മാത്രമല്ല, അങ്ങനെ ആത്മീയമായി പോഷിപ്പിക്കപ്പെടുകയും നവോന്മേഷം നേടുകയും ചെയ്യുമ്പോൾ, ആടുകൾ പച്ച പുൽപ്പുറങ്ങളിൽ കിടക്കുമെന്ന ആശയത്തിൽ സൂചിപ്പിക്കുന്നതുപോലെ, നമുക്ക് ദൈവത്തിന്റെ സമാധാനം ലഭിക്കും.

എന്നിരുന്നാലും, എല്ലാ ആടുകൾക്കും ഇടയനിൽ പൂർണ്ണ വിശ്വാസമില്ല, അവരുടെ ഹിതം പൂർണ്ണമായും തന്റെ (കർത്താവിന്റെ) ഹിതമായിരിക്കുന്നതിൽ നിന്നും അവർ പിന്മാറി. ചിലർ നിരന്തരം പ്രതിസന്ധികളിൽ ഉഴന്നുകൊണ്ടിരിക്കുന്നു, എന്തെന്നാൽ അവർ പച്ചയായ മേച്ചിൽപ്പുറങ്ങളും, ദൈവവചനത്തിലെ ശീതളവും ഉന്മേഷദായകവുമായ സത്യത്തിന്റെ ജലവും അവഗണിച്ച്, ഇടയനിൽ നിന്ന് അകന്ന് തരിശുഭൂമിയിൽ അലഞ്ഞുതിരിയുന്ന ആടിനെപ്പോലെ, നിർഗ്രാഹ്യമായ സാത്താന്റെ തെറ്റുകളാലോ അല്ലെങ്കിൽ തത്കാല ജീവിത കാര്യങ്ങളാലോ അവർ സ്വയം പരിപോഷിപ്പിക്കാൻ ശ്രമിക്കുന്നുവെങ്കിലും അത് അവരുടെ ആത്മീയ സ്വഭാവാഭിവൃദ്ധിക്ക് ഒട്ടും ഉതകുന്നില്ല.

എന്നിരുന്നാലും, ഇത്തരം ആടുകൾ യഥാർത്ഥത്തിൽ ദൈവത്തിന്റെ ആടുകളായി മാറിയിട്ടുള്ളവയാണെങ്കിൽ, വഴിതെറ്റിയെന്നാലും അവയെ ഇടയൻ ഉപേക്ഷിക്കുകയില്ല. സങ്കീർത്തനക്കാരൻ പ്രസ്താവിക്കുന്നതുപോലെ, അവിടുന്ന് അവയ്ക്ക് പിമ്പേ ചെല്ലുന്നു. തന്റെ വടിയും കോലും അവരുടെ ആശ്വാസം ആകുന്നു. വടികൊണ്ട് താൻ അവരെ അപകടപ്പെടുത്തുവാൻ സാധ്യതയുള്ള അവരുടെ ശത്രുക്കളായ ചെന്നായ്ക്കളെ അടിച്ചോടിക്കുന്നു. കോലിന്റെ കൊളുത്ത് കൊണ്ട് ശ്രദ്ധയോടും ജ്ഞാനത്തോടും കൂടി അവിടുന്ന് ആടുകളെ അതിന്റെ പ്രയാസങ്ങളായ ഇപ്പോഴത്തെ ജീവിത ചിന്തകൾ, സമ്പത്തിന്റെ കെണികൾ, വഞ്ചനകൾ, പാപത്തിന്റെയും സാത്താന്റെയും പ്രേരണകൾ എന്നിവയിൽ നിന്ന് പുറത്തുകടത്തുന്നു. യഹോവയുടെ ആട്ടിൻകൂട്ടത്തിലെ അനേകം ആടുകൾക്കും ഇങ്ങനെ പാടാൻ കഴിയും, "അവൻ എന്റെ ആത്മാവിനെ തണുപ്പിക്കുന്നു"- അവിടുന്ന് എന്നെ അവങ്കലേക്ക് തിരികെ കൊണ്ടുവരുന്നു. എനിക്കായുള്ള തന്റെ കരുതലിനെ അറിയുവാനും ആസ്വദിക്കുവാനും അവ എനിക്ക് സ്വയം ഒരുക്കാൻ കഴിയുന്ന എന്തിനേക്കാളും എത്രമികച്ചതാണെന്ന് കണ്ട് അഭിനന്ദിക്കാനും അവിടുന്ന് എന്നെ വീണ്ടും പ്രേരിപ്പിക്കുന്നു.

**യഹോവ, സങ്കീർത്തനക്കാരന്റെ ഇടയൻ.**

യഹോവ എന്റെ ഇടയനാകുന്നു; എനിക്കു മുട്ടുണ്ടാകയില്ല.

പച്ചയായ പുൽപ്പുറങ്ങളിൽ അവൻ എന്നെ കിടത്തുന്നു; സ്വസ്ഥതയുള്ള വെള്ളത്തിന്നരികത്തേക്കു എന്നെ നടത്തുന്നു.

എന്റെ പ്രാണനെ അവൻ തണുപ്പിക്കുന്നു; തിരുനാമംനിമിത്തം എന്നെ നീതിപാതകളിൽ നടത്തുന്നു.

കൂരിരുൾ താഴ് വരയിൽ കൂടി നടന്നാലും ഞാൻ ഒരു അനർത്ഥവും ഭയപ്പെടുകയില്ല; നീ എന്നോടുകൂടെ ഇരിക്കുന്നുവല്ലോ; നിന്റെ വടിയും കോലും എന്നെ ആശ്വസിപ്പിക്കുന്നു.

എന്റെ ശത്രുക്കൾ കാൺകെ നീ എനിക്കു വിരുന്നൊരുക്കുന്നു; എന്റെ തലയെ എണ്ണകൊണ്ടു അഭിഷേകംചെയ്യുന്നു; എന്റെ പാനപാത്രവും നിറഞ്ഞു കവിയുന്നു.

നന്മയും കരുണയും എന്റെ ആയുഷ്കാലമൊക്കെയും എന്നെ പിന്തുടരും; ഞാൻ യഹോവയുടെ ആലയത്തിൽ എന്നേക്കും വസിക്കും.

സങ്കീർത്തനങ്ങൾ 23:1-6

അടുത്തതായി മറ്റൊരു അനുഭവത്തെ നമ്മുടെ ആലോചനയിലേക്ക് കൊണ്ടുവരുന്നു - ഇടയന്റെ നേതൃത്വം. "അവൻ എന്നെ നീതിപാതകളിൽ നടത്തുന്നു." എന്റെ സ്വന്തം ഇടർച്ചകളും ബുദ്ധിമുട്ടുകളും വരെ അവിടുത്തെ വഴികളുടെ അഭിലഷണീയതയെ വിലമതിക്കുവാനും മറ്റെല്ലാ വഴികളുടേയും അനഭിലഷണീയതയെ പഠിക്കുന്നതിനും അവിടുന്ന് എന്നെ ഇടയാക്കുന്നു. ദൈവത്തിന്റെ വഴികളെല്ലാം കുറ്റമറ്റതും നീതിയുക്തവുമാണ്. നമ്മുടെ ഇഷ്ടങ്ങൾക്ക് വിരുദ്ധമാവാതെ, എന്നാൽ അതിനോട് പൊരുത്തപ്പെടുന്നതും അതിനോടടുത്ത് സ്വീകാര്യവുമായ നന്മയിലേക്ക് പരിണമിപ്പിച്ചും ഒടുവിൽ പൂർണ്ണതയുമുള്ള ദൈവഹിതത്തിലേക്കും ദൈവം നമ്മെ നയിക്കുന്നു (റോമ. 12:2).


മരണത്തിന്റെ ഈ മഹാ താഴ്‌വരയുടെ നിഴലിലായിരുന്നു നമ്മുടെ ജീവിതകാലം മുഴുവൻ. ജീവന്റെ ഈ പർവതശിഖരത്തിൽ പിതാവായ ആദം മാത്രമേ ജീവിച്ചിരുന്നുള്ളൂ, പക്ഷേ അവൻ അവിടെ കാലിടറുകയും മരണ നിഴലിന്റെ ഈ താഴ്‌വരയിലേക്ക് ക്രമേണ ചാഞ്ഞിറങ്ങുകയും ചെയ്തു. അവിടുത്തെ മക്കളായ നമ്മൾ എല്ലാവരും ഈ താഴ്‌വരയിൽ ജനിച്ചവരാണ്. നാം ദിനംപ്രതി മരിക്കുകയും മരണാവസ്ഥകളാൽ ചുറ്റപ്പെട്ടിരിക്കുകയും കർത്താവ് തന്റെ ആടുകളെ ജീവന്റെ ഉന്നതിയിലേക്ക് തിരികെ നയിക്കുമെന്നുള്ള പ്രത്യാശ മാത്രമേ നമുക്കുള്ളൂ. അവിടുന്ന് ഇപ്പോൾ ഈ സുവിശേഷ യുഗത്തിൽ താൻ തിരഞ്ഞെടുത്ത തന്റെ ആടുകളെ നയിക്കുന്നു. തന്റെ സഹസ്രാബ്ദ രാജ്യത്തിൽ ക്രമേണ, താൻ ലോകത്തെ നയിക്കും. അവിടുന്ന് അരുളിച്ചെയ്തതുപോലെ, "ഈ തൊഴുത്തിൽ ഉൾപ്പെടാത്ത വേറെ ആടുകൾ എനിക്കുണ്ട്: അവയേയും ഞാൻ നടത്തേണ്ടതാകുന്നു, അവ എന്റെ ശബ്ദം കേൾക്കും, ഒരു ആട്ടിൻകൂട്ടവും ഒരു ഇടയനും ആകും" (യോഹന്നാൻ 10:16, Rotherham).

# തന്റെ ജനത്തിന്റെ നേതാക്കന്മാരെ ദൈവം തന്നെ നിയോഗിക്കുന്നു
## ONLY GOD APPOINTS HIS PEOPLE'S LEADERS

തന്റെ ജനത്തിനു പൊതുവായിട്ടുള്ള ഒരു നേതാവിനെ നിയമിക്കുന്നതിനുള്ള അവകാശം ദൈവത്തിനു മാത്രമുള്ളതാണ് (ഉദാഹരണത്തിനു കാണുക, സംഖ്യ. 27:18-20; 1 ശമു. 2:35; യെശ. 55:4; PT' 48, P. 45). ദൈവത്തിന്റെ ക്രമീകരണങ്ങൾക്കും ഇഷ്ടത്തിനും വിധേയമായി മാത്രം നിയമിക്കുന്ന ഒരു നേതാവിനെ ആണ് ഞങ്ങൾ ആഗ്രഹിക്കുന്നത്, അല്ലാതെ ഞങ്ങൾ സ്വയമായോ, സഹോദരങ്ങൾ മാത്രമായോ തിരഞ്ഞെടുക്കുന്ന ഒരു നേതാവിനെ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. തന്റെ ജനത്തിനു വേണ്ടിയുള്ള അടുത്ത ഒരു പൊതുനേതാവിനെ തിരഞ്ഞെടുക്കുന്നതിനുള്ള മാർഗ്ഗം ദൈവം വ്യക്തമായി സൂചിപ്പിച്ചിരിക്കുന്നതിനാൽ ഈ വിഷയത്തിൽ ഇരുട്ടിൽ തപ്പാൻ താൻ നമ്മെ അനുവദിക്കുന്നില്ലെന്നു സന്തോഷത്തോടെ ഞങ്ങൾ തിരിച്ചറിയുന്നു.

> സൗമ്യതയുള്ളവർക്ക് അവൻ നേർപാത കാണിച്ചുകൊടുക്കുകയും തന്റെ വഴി അവരെ പഠിപ്പിക്കുകയും ചെയ്യുന്നു.
> സങ്കീ. 25:9

ഒരു എക്സിക്യൂട്ടീവ് ട്രസ്റ്റിയുടെ മരണശേഷം യഹോവ ഇതേ പൊതുക്രമീകരണം തന്റെ ആക്കിവെക്കുന്ന എക്സിക്യൂട്ടീവ് ട്രസ്റ്റിയിലൂടെ തുടരുന്നു എന്നുള്ളതിന് യാതൊരു സംശയവുമില്ല. ബിസിനസ് കാര്യങ്ങളിൽ മാത്രമല്ല, യുവവീരന്മാരുടെയും എപ്പിഫനി പാളയസമർപ്പിതരുടെയും നേതാവെന്ന നിലയിൽ വിശാലമായ ശുശ്രൂഷാവേലയിലും ഈ രീതി തന്നെയാണ് തുടരുന്നത്. ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട നേതാക്കന്മാരായിരുന്ന സഹോദരന്മാരായ റസ്സൽ, ജോൺസൻ, ജോളി, ഗോഹ്കി, ഹെഡ്മാൻ, ഹെർസിഗ് എന്നിവരുടെ കാര്യത്തിലും ഇങ്ങനെ തന്നെയായിരുന്നു! എന്നാൽ ബ്രദർ റാൽഫ് എം. ഹെർസിംഗിന്റെ മരണം നമ്മുടെ പ്രസ്ഥാനത്തിന് ഒരു വലിയ സമയമാറ്റത്തിന്റെ കാലമായിരുന്നു; പിന്നെ എക്സിക്യൂട്ടീവ് ട്രസ്റ്റി ഒരു എപ്പിഫനി പാളയ സമർപ്പിതനായിത്തീർന്നു. തങ്ങളുടെ ആവശ്യങ്ങൾക്ക് കാലോചിതമായ സത്യം ചുരുളഴിച്ചു കൊടുക്കാൻ ഒരു നേതാവില്ലാതെ ദൈവം തന്റെ ജനങ്ങളെ അന്ധകാരത്തിൽ അലഞ്ഞുതിരിയാൻ ഒരിക്കലും വിട്ടുകളയുകയില്ലെന്ന് നാം വ്യക്തമായി മനസ്സിലാക്കുന്നു. അരിക്കലുകാരുടെ കീഴിൽ യഹോവ നമ്മെ സംരക്ഷണമില്ലാതെ വിടുകയോ നമ്മുടെ വേലയെ അടിമുടി മാറ്റുവാൻ അനുവദിക്കുകയോ ചെയ്കയില്ല. കൃത്യമായ പദ്ധതിയിലൂടെ




ദൈവം തന്റെ ജനത്തിന് ഉറപ്പാക്കിയിരിക്കുന്ന പ്രത്യേക ഇടയപരിപാലനം എപ്പിഫനി പാളയ സമർപ്പിതരിലൂടെയും നല്കിതരുമെന്ന് ദൈവവചനത്തിന്റെ വെളിച്ചത്തിൽ നമുക്ക് എല്ലാ ഉറപ്പും ഉണ്ട്. ദൈവത്തിന്റെ സമർപ്പിതമക്കൾക്ക്, തന്റെ ചെമ്മരിയാടിന്, താൻ അവരെ ഒരിക്കലും കൈവിടുകയോ ഉപേക്ഷിക്കുകയോ ഇല്ല എന്ന ഉറപ്പും നല്കിയിട്ടുണ്ട്. "നീതിമാന്മാരുടെ പാതയോ പ്രഭാതത്തിന്റെ വെളിച്ചം പോലെ; അതു നട്ടുച്ചവരെ അധികമധികം ശോഭിച്ചുവരുന്നു" (സദൃ. 4:18). "നിന്റെ വചനം എന്റെ കാലിനു ദീപവും എന്റെ പാതയ്ക്കു പ്രകാശവും ആകുന്നു" (സങ്കീ. 119:105).

"വക്രതയുള്ളവൻ (വഴിതെറ്റിയവൻ) യഹോവയ്ക്കു വെറുപ്പാകുന്നു; നീതിമാന്മാർക്കോ അവന്റെ സഖ്യതയുണ്ട്" (സദൃ. 3:32) കൂടെ പരിഗണിക്കേണ്ടതിന് കാണേണ്ട വാക്യങ്ങൾ: സങ്കീ. 25:9,10,12,14; 32:8; 37:23; 97:11; 119:66,99,100,130; യെശ. 30:18-21; ആമോസ് 3:7; മത്താ. 11:25; 13:11,16,17; 1 കൊരി. 10:11; യാക്കോ. 1:5. ദൈവജനങ്ങളായ നാം നമ്മുടെ അന്ത്യവിശ്രമത്തിലേക്ക് പ്രവേശിക്കുന്നതുവരെ പൊരുളായ മേഘസ്തംഭവും അഗ്നിസ്തംഭവും നമ്മെ നയിക്കുന്നതു തുടരും എന്ന് ഈ വാഗ്ദത്തങ്ങളിലൂടെയും മറ്റു വാഗ്ദത്തങ്ങളിലൂടെയും നാം അറിയുന്നു. അഗ്നിസ്തംഭവും മേഘസ്തംഭവും നമ്മെ നയിക്കുമ്പോൾ നമുക്കെല്ലാം അതിനോടു ചേർന്നുനടക്കാം. ബൈബിൾ സ്റ്റാൻഡാർഡ് മിനിസ്ട്രീസിനെ (LHMM), നമ്മുടെ വേലയെ നിയന്ത്രിക്കുന്നതിനുള്ള ഒരു 'സംഘടന'യായി മാറ്റുന്നതിനുള്ള ഏതു പരിശ്രമങ്ങളെയും, "യുഗങ്ങൾക്കിടയിൽ സമർപ്പിക്കപ്പെട്ടവർ എന്ന നിലയിൽ" (R. 5761) യഹോവയുടെ ഉറപ്പിന്മേൽ തുടർന്നും എതിർക്കുന്നതിനു നാം ധൈര്യമുള്ളവരാണ്.

യാഥാർത്ഥ്യങ്ങളും നിവൃത്തികളും വ്യക്തമാക്കുന്നത്, കാലാവസാനത്തിലെ (PT' 57 P. 36 കാണുക) പൊരുളായ ഹബക്കൂക്കിൽ അടങ്ങിയിരുന്ന യഥാർത്ഥ "കാവൽക്കാരുടെ" ഒരു ഭാഗമായി പ്രത്യേക രീതിയിൽ ഉപയോഗിക്കപ്പെട്ട ഒരു പ്രത്യേക സഹായിയായിരുന്നു ബ്രദർ ബർണാഡ് ഹെഡ്മാൻ എന്നാണ്. മറ്റാരെയുംകാൾ കൂടുതലായി അദ്ദേഹം കാവൽജോലിയിലും (ജാഗരണത്തിലും), കാലലക്ഷണങ്ങളെയും പാകമായ പുരോഗമന സത്യങ്ങളെയും ക്രമീകരിക്കുന്നതിലും, ജോളി സഹോദരനെയും നമ്മെയും സഹായിച്ചു. "ദൈവത്തിന്റെ പദ്ധതിയുടെ മഹത്തായ പൂർത്തീകരണത്തെക്കുറിച്ചുള്ള ദർശ്ശനം പ്രഘോഷിക്കണം. അതു സംഭവിക്കാതിരിക്കയില്ല (P - 2, P 15 മുകൾഭാഗം) എന്ന് പ്രവാചകനായ ഹബക്കൂക്ക് (2:3 പറഞ്ഞ അന്ത്യകാലം, "ഈ ലോകരാജ്യങ്ങളുടെയും ബാബിലോണിന്റെയും പൂർണ്ണമായ നിഷ്കാസനത്തിനു സാക്ഷിയാകുന്ന അന്ത്യകാലം" (P-3, P. 382 അനുബന്ധം), ഇനിയും കുറച്ചുകാലം കൂടെ തീർച്ചയായും നീണ്ടുനില്ക്കുന്നതിനാൽ തന്റെ ജനത്തിന് ഒരു പ്രത്യേക കാവൽക്കാരനെ സഹായത്തിനായി നല്കാതെ ഉപേക്ഷിക്കയില്ലാത്ത കർത്താവ്, തിരഞ്ഞെടുത്താക്കിയ ഒരു വ്യക്തിയെ, പ്രത്യേകമായി തയ്യാറാക്കിയ ഒരു സഹായിയെത്തന്നെ, ആയിരിക്കും നല്കുന്നതെന്ന് യുക്തിയനുസരണം നമുക്കു മനസ്സിലാക്കാം.

പ്രിയരെ, ദൈവേഷ്ടം വിജയിക്കുവാൻ വേണ്ടിയുള്ളതാണ് എന്തെന്നാൽ ദൈവത്തിന്റെ സർവ്വശക്തിയും സർവ്വജ്ഞാനവും അതിനെ പിൻതുണക്കുന്നു. കർത്താവ് ഒരിക്കലും തന്റെ കാര്യപ്രവർത്തനങ്ങളിൽ പരാജയപ്പെട്ടിട്ടില്ല പരാജയപ്പെടുകയുമില്ല. എന്നാൽ ഇത്തരം പ്രവർത്തനങ്ങൾ ആരംഭിക്കുന്ന എല്ലാവരുടെയും വിജയങ്ങൾ, മാനുഷികമായി പറഞ്ഞാൽ [ദൈവത്തിന്റെ വിശ്വസ്തത മാറ്റമില്ലാത്തതായിരിക്കുന്നതിനാൽ] വിശ്വസ്തതയിലും കഠിനപരിശോധനയിലും അടിസ്ഥാനപ്പെട്ടിരിക്കുന്നു. അവരെ അവിശ്വസ്തതയിലേക്ക് താരാട്ടുപാടി നയിക്കുവാൻ പിശാചിനെയും ലോകത്തെയും ജഡത്തെയും അനുവദിച്ചാൽ അവർ നിശ്ചയമായും പരാജയപ്പെടുകയും ജയാളികളാകാതെ തള്ളപ്പെടുകയും ചെയ്യും.

എന്നാൽ ഈ പരാജയം അവർ അനുവദിക്കാതെ നടക്കുകയില്ല. അത്തരം പരാജയങ്ങൾ മൂലം അനേകദാസന്മാർ ദൈവത്തിനു മുൻപിലുള്ള കൃപയുടെ പദവികളിൽ നിന്നു വീണുപോയിട്ടുണ്ട്. അങ്ങനെ ആത്മപ്രകാശിതരായ ആത്മോല്പാദനമില്ലാത്ത ചില സമർപ്പിതദാസന്മാർ, തങ്ങൾക്ക് സഹസ്രാബ്ദവാഴ്ചയിൽ നിത്യജീവൻ പ്രാപിക്കുവാൻ കഴിയുകയില്ലെന്നു കണ്ട് സ്വന്തം സ്വഭാവങ്ങളെ വഷളാക്കിക്കളയുന്നു (E. Vol 16, P. 175). അങ്ങനെ അവർ തങ്ങളുടെ പാപങ്ങളാൽ, വിശേഷാൽ ദൈവവചനത്തിനെതിരെ ചെയ്ത പാപങ്ങളാൽ തങ്ങളുടെ സ്വഭാവങ്ങളെ വഷളാക്കുകയും സഹസ്രാബ്ദ ക്രമീകരണങ്ങളാൽ അവരുടെ സ്വഭാവങ്ങളെ മാറ്റി പരിഷ്കരിക്കുന്നത് അവർക്ക് അസാദ്ധ്യമായിത്തീരുകയും ചെയ്യുന്നു (മത്താ. 23:33).

പ്രിയ സഹോദരങ്ങളെ, ഇതു നമ്മുടെ പരീക്ഷാകാലമാണ്. അതിൽ വിശ്വസ്തരായവർക്ക് മതിയായ കൃപ കൂടി വ്യാപരിക്കുന്നു: വിശ്വസ്തതയോടുകൂടെ വിനിയോഗിക്കുവാൻ വേണ്ടിയാണ് അവരുടെ ആവശ്യങ്ങൾക്കനുസരിച്ചാണ് ഈ കൃപ നല്കുന്നത്. ആയതിനാൽ, അവയെ പൂർണ്ണമായും വിനിയോഗിക്കാതിരിക്കാൻ, പിശാചും ലോകവും ജഡവും പെട്ടന്നുതന്നെ ഈ ഒരു പഴുതിൽ നിന്ന് നേട്ടം കൈവരിക്കാൻ ശ്രമിക്കും. നാം ഉണർന്ന് ഉത്സാഹത്തോടെ അവയെ പുറംതള്ളി നമ്മുടെ വിശ്വസ്തതയെ പുതുക്കാത്ത പക്ഷം നമ്മുടെ പരീക്ഷാ കാര്യങ്ങളിൽ നാം പരാജയപ്പെട്ടു പോകും. ദൈവത്തിന്റെ ക്രമീകരണത്തിൻ കീഴിൽ നാം ജയാളികളായിത്തീരുമോ ഇല്ലയോ എന്നത് നമ്മിൽതന്നെ ആണ് അടിസ്ഥാനപ്പെട്ടിരിക്കുന്നത്. നാം പരാജയപ്പെടുകയാണെങ്കിൽ ആ പരാജയം എത്ര വലിയതായിരിക്കും. നാം വിജയിച്ചാൽ ആ വിജയം എത്ര മഹത്തരമായിരിക്കും. ആയതിനാൽ നാം വിശ്വസ്തതയോടെ കർത്താവിന്റെ ആത്മാവുകൊണ്ട് സന്നദ്ധരാവുകയും കർത്താവു നമ്മെ വിളിച്ച നല്ല വേലയിൽ എരിവുള്ളവരാകുകയും ചെയ്യേണ്ടതല്ലയോ!

വെളി. 18:4 ലെ "വേറൊരു ശബ്ദം സ്വർഗ്ഗത്തിൽ നിന്നു പറയുന്നതായി ഞാൻ കേട്ടത്: എന്റെ ജനമായുള്ളോരെ, അവളുടെ പാപങ്ങളിൽ കൂട്ടാളികളാകാതെയും അവളുടെ ബാധകളിൽ ഓഹരിക്കാരാകാതെയുമിരിപ്പാൻ അവളെ വിട്ടുപോരുവിൻ" എന്നുള്ള വിളിയോടുകൂടെ, സകലതും ഉൾക്കൊള്ളുന്ന തന്റെ യുഗങ്ങളുടെ നിർണ്ണയപ്രകാരമുള്ള തിരഞ്ഞെടുപ്പിൻ രക്ഷയ്ക്കുകീഴിലുള്ള തയ്യാറാക്കൽ വേല തുടർന്നുകൊണ്ടിരിക്കുന്നു. യോഹ. 10:16 ൽ യേശു സുവിശേഷയുഗ ആത്മീയതിരഞ്ഞെടുപ്പുകാരനോട്, തന്റെ സുവിശേഷയുഗ ആടിനോട്, ആട്ടിൻകൂട്ടത്തോട് സംസാരിച്ചശേഷം ഇങ്ങനെ പറയുന്നു, "ഈ തൊഴുത്തിൽ പെടാത്ത വേറെ ആടുകൾ എനിക്കുണ്ട്; അവയെയും ഞാൻ നടത്തേണ്ടതാകുന്നു". യേശുവും തന്റെ വിശ്വസ്തരായ സുവിശേഷയുഗ ആട്ടിൻകൂട്ടവും, മനുഷ്യരാശിയിലെ ഇച്ഛിക്കയും അനുസരിക്കുകയും ചെയ്യുന്ന "മറ്റ് ആടുകളെയും" വിശുദ്ധിയിൻ പെരുവഴിയിലൂടെ മാനുഷിക പൂർണ്ണതയിലേക്കും സഹസ്രാബ്ദ മദ്ധ്യസ്ഥ വാഴ്ചയുടെ ആരംഭത്തിൽ തുടങ്ങുന്നതായ പുതിയ ഉടമ്പടിയിൻ കീഴിൽ ദൈവത്തോട് പൂർണ്ണമായ കൂട്ടായ്മയിലേക്കും നടത്തുകയും ചെയ്യും (യെശ. 35:8-10; വെളി. 22:17). "സമുദ്രം വെള്ളം കൊണ്ടു നിറഞ്ഞിരിക്കുന്നതു പോലെ ഭൂമി യഹോവയുടെ പരിജ്ഞാനം കൊണ്ടു നിറയുമ്പോൾ" (യെശ. 11:9), ഈ "വേറെ ആടുകൾ" "പച്ചയായ പുല്പുറങ്ങളും" "സ്വസ്ഥതയുള്ള വെള്ളവും" ധാരാളമായി കണ്ടെത്തും. അവർക്ക് അറിവിന് യാതൊരു കുറവും ഉണ്ടാവുകയില്ല (യിരെ. 31:34). ആലങ്കാരികമായി പറഞ്ഞാൽ ദൈവം അവർക്ക് ക്രിസ്തുവിലൂടെ സാധാരണ പുല്ലു മുളയ്ക്കാത്ത നടപ്പാതകളിലും (വഴികളിലും) മലയുടെ മുകളിലും (ഉയർന്ന സ്ഥലങ്ങളിലും) പുല്ലു മുളപ്പിക്കുന്നു (യെശ. 35:1,2; E-17, P. 330). അതുപോലെ തന്നെ അവൻ ജനത്തിന് ആവശ്യമുള്ള സകല കാര്യങ്ങളും കർത്താവിലൂടെ നല്കുന്നു. അവരുടെ നിത്യമായ അവകാശമോ തീർച്ചയായും "പുതിയ ഭൂമിയിലായിരിക്കും" (സങ്കീ. 37:9,11,22,29,34; സഭാ. 1:4; യെശ. 45:18; 2 പത്രൊ. 3:13).

**ദൈവത്തിന്റെ രക്ഷാകര പദ്ധതിയിൽ എപ്പോഴും സമർപ്പണങ്ങൾ ക്രമത്തിലാണ്**

**യഥാസ്ഥാപനത്തിനു മുമ്പ് സാത്താന്റെ നിയന്ത്രണത്തിലിരിക്കുന്ന ഇക്കാലത്ത് "വിശ്വാസയുഗത്തിൽ" ചെയ്യുന്ന സമർപ്പണങ്ങൾ മരണപര്യന്തമാണ്. വിശ്വാസത്തിന്റെ പാതയിലുള്ള ഈ തിരഞ്ഞെടുപ്പ്ഗണത്തിന് (CEC ദൈവത്തിന്റെ വലിയ അനുഗ്രഹങ്ങളും വാഗ്ദത്തങ്ങളുമുണ്ട്)**

ദൈവത്തിന്റെ ഈ പദ്ധതിയിൽ യാതൊരു പിഴവും ഇല്ലെന്നു നാം തിരിച്ചറിയണം. ഈ പദ്ധതി നിരവധി വർഷങ്ങളോളം ഉപയോഗത്തിലിരിക്കുന്നതിനാൽ അതിനു വേണ്ടിയുള്ള തയ്യാറെടുപ്പ് ആവശ്യമാണ്.

യെശ. 42:11, "ഞാൻ എന്റെ മലകളെയൊക്കെയും വഴിയാക്കും; എന്റെ പെരുവഴികൾ പൊങ്ങിയിരിക്കും." ഈ വചനം സഹസ്രാബ്ദ പൂർവ്വഗണങ്ങളെക്കുറിച്ച് പറഞ്ഞിരിക്കുന്നതാണ്. അതേ സീയോൻ, മോറിയ, അക്ര, ബസീത്ത, ഓഫേൽ എന്നിവയാൽ ചിത്രീകരിക്കപ്പെട്ടിരിക്കുന്ന അഞ്ച് സഹസ്രാബ്ദ പൂർവ്വഗണങ്ങളായ ചെറിയ ആട്ടിൻകൂട്ടം, പുരാതനവീരന്മാർ, മഹാപുരുഷാരം, യുവവീരന്മാർ, എപ്പിഫനി പാളയസമർപ്പിതർ എന്നിവരെ, തിരഞ്ഞെടുക്കപ്പെടാത്തവരെ വിശുദ്ധിയിൻ പെരുവഴിയിലേക്ക് നയിക്കുന്നതിന് പ്രത്യേക മുഖാന്തരങ്ങളായി ദൈവം ഉപയോഗിക്കും. സങ്കീ. 72:3 നമുക്ക് താരതമ്യം ചെയ്യാം, "നീതിയാൽ പർവ്വതങ്ങളിലും കുന്നുകളിലും ജനത്തിന സമാധാനം വിളയട്ടെ". ദൈവം ഈ അഞ്ച് സഹസ്രാബ്ദ പൂർവ്വഗണങ്ങളെയും ഈ ഉദ്ദേശ്യത്തിനായി ഉയർത്തും. യെശ. 49:10 "അവർക്കു വിശക്കുകയില്ല, ദാഹിക്കയുമില്ല; മരീചികയും വെയിലും അവരെ ബാധിക്കയില്ല; അവരോടു കരുണയുള്ളവൻ അവരെ വഴിനടത്തുകയും നീരുറവകൾക്കരികെ അവരെ കൊണ്ടുപോവുകയും ചെയ്യും." ക്രിസ്തുവിന്റെ സഹസ്രാബ്ദ മദ്ധ്യസ്ഥ വാഴ്ചയിൻ കീഴിൽ ഉള്ള യഥാസ്ഥാപന വർഗ്ഗത്തെക്കുറിച്ചാണ് ഇവിടെ പറയുന്നത്.

ഈ പരാമർശങ്ങളോടുകൂടെ ഇപ്പോഴത്തേതുപോലെ ഏതു കാലത്തും ദൈവം തന്റെ നേതാക്കന്മാരെ തിരഞ്ഞെടുക്കുന്നതിനെക്കുറിച്ചുള്ള പ്രാധാന്യത്തെ മനസ്സിലാക്കുന്നതു നമുക്കു തുടരാം. "എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം" തന്നെ നിറവേറണമേ എന്ന ആത്മാവിൽ സമർപ്പണം ചെയ്യുന്നവരെ, യോഗ്യരായവരെ തിരിച്ചറിയുന്നതിന് ദൈവത്തിനു മാത്രമെ കഴിയൂ. ദൈവത്തോടു വിലപേശുന്നതിനായി, അതായത് സമർപ്പണത്തോടെയുള്ള തന്റെ വിശ്വസ്തതയ്ക്കു പ്രതിഫലമായി അതും ഇതും ദൈവത്തിൽ നിന്നു ആഗ്രഹിക്കുന്ന സമർപ്പണത്തെ ദൈവത്തിന് അംഗീകരിക്കാൻ കഴിയുന്നതല്ല. ആയതിനാൽ മരണത്തിലേക്കുള്ള സമർപ്പണം അല്ലെങ്കിൽ ജീവനിലേക്കുള്ള സമർപ്പണം എന്ന ആശയത്തിനു ഊന്നൽ കൊടുക്കാതെ ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്നതിനുള്ള സമർപ്പണം എന്നതു പരമപ്രധാനമായി ഞങ്ങൾ കരുതുന്നു.,

ദൈവത്തിനു തന്റെ സ്വയത്തെ നല്കി സമർപ്പണം ചെയ്യുന്നവരെ ദൈവം ഉപയോഗിക്കയും അവരിൽ നിന്ന് ആവശ്യപ്പെടുകയും ചെയ്യുന്ന കാര്യങ്ങൾക്ക് വ്യത്യാസങ്ങളുണ്ടെന്ന് ഞങ്ങൾ തിരിച്ചറിയുന്നു (2 കൊരി. 8:5). എന്നാലും ഉപയോഗത്തിലും ആവശ്യത്തിലുമുള്ള ഇത്തരം വ്യത്യാസങ്ങൾക്ക് ദൈവത്തിന്റെ പദ്ധതിയിലെ വ്യവസ്ഥാകാലങ്ങളുടെ വ്യതിയാനങ്ങൾക്കനുസരിച്ച് മാറ്റം സംഭവിക്കുന്നതാണ്. ഇത് സമർപ്പണം ചെയ്യുന്നവനല്ല ദൈവമാണ് നിർണ്ണയിക്കേണ്ടത്. ഇത്തരം കാര്യങ്ങളാൽ അവൻ ചെയ്യുന്ന സമർപ്പണത്തിൽ യാതൊരു വ്യത്യാസവും വരുത്തുവാൻ പാടില്ല. ഇതിനോടു യോജിപ്പായി P-6, P. 156 ൽ ഇങ്ങനെ നാം വായിക്കുന്നു: പരമവിളി അവസാനിച്ചു എന്നും ആയതിനാൽ സമർപ്പണം ചെയ്തുകൊണ്ടിരിക്കുന്നവർക്കു പുതിയ പ്രകൃതിയും അതിന്റെ മഹത്വത്തിന്റെയും തേജസിന്റെയും അമർത്യതയുടെയും പ്രതിഫലത്തിനുള്ള അവകാശവും പൂർണ്ണമായും ലഭിക്കയില്ലെന്ന വസ്തുതയുടെ വെളിച്ചത്തിൽ പറഞ്ഞാൽ, എന്ത് വ്യത്യാസങ്ങൾ ആണ് ഈ രണ്ടു സമർപ്പണങ്ങളും തമ്മിൽ ഉള്ളത്? ഇവ തമ്മിൽ വ്യത്യാസങ്ങൾ ഇല്ല എന്ന് ഞങ്ങൾ ഉത്തരം പറയുന്നു. ദൈവജനത്തിനുള്ള യുക്തമായ ഏകവഴിയും ഉചിതമായ മാർഗ്ഗവും ഈ സമർപ്പണം മാത്രമാണ്. സഹസ്രാബ്ദ യുഗത്തിൽ ജീവിക്കയും അതിന്റെ അനുഗ്രഹങ്ങളെ അനുഭവിക്കയും ചെയ്യുന്നതിന് പൂർണ്ണസമർപ്പണം അനിവാര്യമാണ്. അതിൽകുറഞ്ഞ ഒന്നും അതിന് യോഗ്യമല്ല" (E. 8, P. 620 കാണുക).

യുവവീരന്മാരുടെ സമർപ്പണം എങ്ങനെയായിരുന്നുവോ അതുപോലെ തന്നെ ആയിരിക്കും എപ്പിഫനി പാളയ സമർപ്പിതരുടെയും സമർപ്പണം.; ഈ സമർപ്പണം മരണപര്യന്തമായിരിക്കണമെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. എന്തെന്നാൽ വിശുദ്ധിയിൻ പെരുവഴി തുറക്കുന്നതുവരെ ജീവനിലേക്കുള്ള സമർപ്പണം ഉണ്ടായിരിക്കയില്ല. വിശുദ്ധിയൻ പെരുവഴി തുറക്കുന്നതിനു മുൻപ് സമർപ്പണം ചെയ്യുന്നവരെല്ലാവരും മരണംവരെയാണ് സമർപ്പണം ചെയ്യുന്നത് എന്നു മാത്രമല്ല, അങ്ങനെയുള്ള സമർപ്പണം അനിവാര്യവുമാണ്. സാത്താൻ സകലത്തിനും അധികാരിയായിരിക്കുന്നിടത്തോളം ദിനംതോറും മരിക്കാതെ ഒരുവനു തന്റെ സമർപ്പണം മുഴുവനായും പാലിക്കുന്നതിനു സാധിക്കയില്ല. എന്തെന്നാൽ ഇപ്പോഴത്തെ ദുഷ്ടലോക വ്യവസ്ഥിതികൾ പാപത്തിന് പ്രേരകമായതും നീതിക്ക് നിരക്കാത്തതുമാണ്. കൂടാതെ ഈ സാഹചര്യത്തിലും കർത്താവിനോട് വിശ്വസ്തത പുലർത്തുന്നവരുടെ സമർപ്പണം മരണപര്യന്തമായിരിക്കണം." (PT' 2013, P. 59).

E-4, P. 422 ൽ: യുവവീരന്മാർ ജീവനിലേക്കാണോ മരണത്തിലേക്കാണോ സമർപ്പിച്ചിരിക്കുന്നത് എന്ന

ചോദ്യത്തിന് ബ്രദർ ജോൺസൻ ഇങ്ങനെ ഉത്തരം നല്കുന്നു: "ജീവനിലേക്കല്ല, മരണത്തിലേക്കാണ്." ജീവനിലേക്കുള്ള സമർപ്പണം സുവിശേഷയുഗ വ്യവസ്ഥകൾക്കല്ല, സഹസ്രാബ്ദയുഗ വ്യവസ്ഥകൾക്കാണ് യോജിക്കുന്നത്. കാരണം അത് ഒരുവനെ വിശുദ്ധിയിൻ പെരുവഴിയിലേക്ക് നയിക്കുന്ന സമർപ്പണമാണ്. ഈ വിശുദ്ധിയിൻ പെരുവഴി രാജ്യത്തിന്റെ ദൃശ്യസ്ഥാപനയുടെ ഭൗമികവശത്തിന്റെ തുടക്കത്തിനായി കാത്തിരിക്കുന്നു. നിരപ്പിൻവേലയുടെ ഉദ്ദേശ്യാർത്ഥം ക്രിസ്തു രണ്ടാമത്തെ പാപപരിഹാരയാഗവുമായി ദൈവസന്നിധിയിൽ പ്രത്യക്ഷനാകുന്നതിനു മുമ്പെ വിശുദ്ധിയിൻ പെരുവഴി പ്രാബല്യത്തിലാവുകയില്ല. സുവിശേഷയുഗ വ്യവസ്ഥിതിക്ക്, കണ്ണുകൊണ്ടു കാണാൻ കഴിയാത്തിടത്ത് കാണാതെ വിശ്വസിക്കുന്ന വിശ്വാസം ആവശ്യമാണ്, അതായത് കാഴ്ചയാലല്ലാതെ വിശ്വസിക്കുന്നവനെ, കർത്താവു കൊന്നാലും തന്നിൽ വിശ്വസിക്കുന്ന വിശ്വാസം തന്നെ. പാപം പ്രാബല്യത്തിലിരിക്കുന്നിടത്തോളം, ഈ ലോകത്തിന്റെ ദൈവമായ സാത്താൻ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നിടത്തോളം ഒരുവൻ കർത്താവിന്റെ വിശ്വസ്തനാണെങ്കിൽ തനിക്ക് പാപത്തോടുള്ള എതിർപ്പിലും നീതി നിമിത്തമുള്ള ശുശ്രൂഷയിലും മരണത്തോളം തന്റെ അവകാശങ്ങളെ ബലി ചെയ്യേണ്ടിവരും. അത്തരം ശുശ്രൂഷാവേലയ്ക്ക് എതിരെവരുന്ന തിന്മയുടെ വ്യവസ്ഥകൾ നമ്മെ തളർത്തുകയും ഉണർവ്വ് നഷ്ടപ്പെടുത്തുകയും ചെയ്യും. അങ്ങനെ സമർപ്പണത്തിൽ വിശ്വസ്തനായിരിക്കുവാൻ തനിക്ക് മരണം വന്നാൽപോലും ഒരുവൻ സർവ്വവും തന്റെ ശുശ്രൂഷാവേലയിൽ ദൈവത്തിനായി സമർപ്പിക്കേണ്ടതാണ്. വിശ്വസ്തർക്ക് ഇന്നത്തെ വ്യവസ്ഥകൾ മരണവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നു മാത്രമല്ല, അവർ ഓരോരുത്തരും ശുശ്രൂഷയുടെ ഒരു ഉടമ്പടി ചെയ്യുവാൻ ക്ഷണിക്കപ്പെട്ടവരും കൂടിയാണ് – സ്വയത്തിനും ലോകത്തിനും മരിച്ച് ദൈവത്തിനായി ജീവിക്കുക.

> "ദൈവമെ എന്നെ ശോധന ചെയ്ത് എന്റെ ഹൃദയത്തെ അറിയേണമെ; എന്നെ പരീക്ഷിച്ച് എന്റെ നിനവുകളെ അറിയേണമെ. വ്യസനത്തിനുള്ള മാർഗ്ഗം എന്നിൽ ഉണ്ടോ എന്ന് നോക്കി ശാശ്വതമാർഗ്ഗത്തിൽ എന്നെ നടത്തേണമെ".
> സങ്കീ. 139:23,24

എന്നാൽ കിരീടം ലഭിക്കുന്നതിനുള്ള സമയം വളരെ വൈകി സമർപ്പിച്ചവരുടെ സമർപ്പണവും, വിശുദ്ധിയിൻ പെരുവഴി തുറക്കുന്നതിനു മുമ്പു സമർപ്പിച്ചവരുടെ സമർപ്പണവും, ഈ രണ്ടു സമർപ്പണവും, സമർപ്പണത്തെ പിതാവ് ആത്മോത്പാദനം നല്കി സ്വീകരിച്ചവരുടെ സമർപ്പണവുമായുള്ള വ്യത്യാസം തീരെ ചെറുതല്ലെന്നു വേദതിരുവെഴുത്തുകൾ സൂചിപ്പിക്കുന്നു. ഇപ്പോഴും സാത്താൻ പൂർണ്ണമായി ബന്ധിക്കപ്പെടുകയോ വിശുദ്ധിയിൻ പെരുവഴി ഇപ്പോഴും തുറക്കപ്പെടുകയോ ചെയ്യിട്ടില്ലെന്നുള്ളത് വ്യക്തമാണ്. ചെറിയ ആട്ടിൻകൂട്ടത്തിൽ നിന്ന് ദൈവം പ്രതീക്ഷിക്കുന്ന അതേ വിശ്വസ്തതയാണ് എപ്പിഫനി പാളയ സമർപ്പിതരിൽ നിന്നും ദൈവം പ്രതീക്ഷിക്കുന്നത്. ആരംഭം മുതൽ ഇന്നുവരെയും ദൈവംതന്നെ തന്റെ ജനത്തെ നിയമിക്കുന്നു. ഓരോ പ്രമുഖ വ്യക്തികളും യഹോവയുമായി ഒരു ഉടമ്പടിബന്ധത്തിൽ ഏർപ്പെട്ടിരിക്കുന്നു. 1954 മുതലുള്ള പ്രമുഖഗണമായ എപ്പിഫനി പാളയ സമർപ്പിതരാണ് ശേബാ രാജ്ഞിയാൽ ചിത്രപ്പെടുത്തുന്ന ഉന്നതവിഭാഗം. പാപവാഴ്ച തുടർന്നുകൊണ്ടിരിക്കുന്ന സമയത്ത്, സമർപ്പണം മരണപര്യന്തം ആയിരിക്കുന്ന സമയത്ത് ഒരു പ്രത്യേക വിളിയിൻ കീഴിൽ അബ്രഹാമിന്റെ സഹസ്രാബ്ദപൂർവ്വ സന്തതിയായി വിളിക്കപ്പെട്ടവരാണ് ഇവർ. ഇവർക്കും നീതിമാന്മാരുടെ പുനരുത്ഥാനത്തിൽ പങ്കുണ്ടാകും. ആണയാൽ ഉറപ്പിക്കപ്പെട്ട വാഗ്ദത്തിന്റെ ഭൗമികസവിശേഷതകൾക്കു കീഴിൽ അബ്രഹാമിന്റെ സഹസ്രാബ്ദ പൂർവ്വ സന്തതിയായി ക്രിസ്തുവിലുള്ള വിശ്വാസത്താൽ പരീക്ഷാർത്ഥമായി നീതീകരിക്കപ്പെട്ട് സമർപ്പണം വഴി ദൈവത്താൽ സ്വീകരിക്കപ്പെട്ടവരാണ് ഇവർ (സദൃ. 23:26). യഥാസ്ഥാപന വർഗ്ഗത്തിനു പൊതുവായിട്ടുള്ളതിലും വലിയതായ പരിശോധനകളിൽ ഈ ഗണം വിശ്വസ്തരെന്ന് തെളിയിക്കുന്നതിനാൽ ദൈവത്തോടു പ്രാർത്ഥിക്കുന്നതിനും കൂട്ടായ്മയ്ക്കുമുള്ള പദവിയും ഇവർക്കു നല്കും. ഇവർക്കു വീരന്മാരുടെ പ്രത്യേക സഹായികളായിരിക്കുവാൻ അവകാശം ലഭിക്കുകയും മനുഷ്യരാശിയെ വിശുദ്ധിയിൻ പെരുവഴിയിൽ സഹായിക്കുന്നതിനുള്ള വിശേഷാവകാശം ലഭിക്കുകയും ചെയ്യും. എത്ര അത്ഭുതവാനായ സ്വർഗ്ഗീയപിതാവാണ് നമുക്കുള്ളത്! നമ്മോട് അവിടുന്ന് എത്രമാത്രം ദയാലുവാണ്! നമുക്കു ദൈവസ്നേഹത്തിലും ദൈവിക സന്തോഷത്തിലും നമ്മെത്തന്നെ കാത്തുസൂക്ഷിക്കാം (യൂദാ. 21)!

ക്രിസ്തുവിന്റെ മണവാട്ടിയുടെ മഹത്വത്തിലേക്കുള്ള എടുക്കപ്പെടൽ പൂർത്തീകരിക്കപ്പെട്ട സമയം

മുതൽ ഇന്നുവരെ ദൈവത്തിന്റെ സമർപ്പിത ജനങ്ങളിൽ തങ്ങളുടെ കാലഗതികൾ പൂർത്തീകരിക്കുവാൻ മൂന്നു വിഭാഗങ്ങൾ ഉണ്ടായിരുന്നു – മഹാപുരുഷാരം, യുവവീരന്മാർ, എപ്പിഫനി പാളയ സമർപ്പിതർ. ഉത്തമഗീതം 6:8 ന്റെ 1954 നു ശേഷമുള്ള ചിത്രീകരണത്തിൽ പൊരുളായ ശലോമോനുമായുള്ള (നമ്മുടെ കർത്താവ്) പ്രത്യേക ബന്ധത്തിൽ വരുന്ന മൂന്നു വിഭാഗം സ്ത്രീകളായി ഇവരെ സൂചിപ്പിക്കുന്നു. രാജ്യത്തിന്റെ ആത്മതലത്തിലുള്ള പുതിയ സൃഷ്ടികളായ മഹാപുരുഷാരം, ചെറിയ ആട്ടിൻകൂട്ടം കഴിഞ്ഞാൽ പിന്നെ പൊരുളായ ശലോമോനുമായി ഏറ്റം അടുത്ത ബന്ധമുള്ളവരെ ശലോമോന്റെ രാജ്ഞിമാരായി ചിത്രീകരിച്ചിരിക്കുന്നതു യുക്തമാണ്. 1979 ഫെബ്രുവരി 14 നു പാസ്റ്റർ ജോളിയുടെ മരണത്തോടു കൂടി മഹാപുരുഷാരഗണം പൂർത്തിയായി. പിന്നെ ഇവിടെ അവശേഷിക്കുന്നത് രണ്ടു ഗണങ്ങളാണ്. യുവവീരന്മാരാണ് പിന്നെ ഏറ്റം അടുത്ത ബന്ധത്തിലുള്ളത്. അതുകൊണ്ട് അവരെ ശലോമോന്റെ വെപ്പാട്ടിമാരായി ചിത്രീകരിച്ചിരിക്കുന്നു. പിന്നെ ഏറ്റം അടുത്ത ബന്ധത്തിലുള്ളത് എപ്പിഫനി പാളയ സമർപ്പിതരാണ്. വെപ്പാട്ടിമാരല്ലെങ്കിലും പിന്നെ ശലോമോനുമായി ഏറ്റം അടുത്ത ബന്ധമുള്ള ഇവരെ കന്യകമാരായി ചിത്രപ്പെടുത്തിയിരിക്കുന്നത് ഏറ്റം യുക്തമായിരിക്കുന്നു. മഹാപുരുഷാരത്തെയും യുവവീരന്മാരെയും പോലെ എപ്പിഫനി പാളയ സമർപ്പിതരും എണ്ണമറ്റവരാണ്. ഈ മൂന്നു ഗണങ്ങളിൽ ഓരോന്നിനും ക്ലിപ്തമായ അംഗസംഖ്യയില്ല.

ഇതിനുവേണ്ടിയും കൂടുതലായി ചുരുളഴിച്ചു തന്നിട്ടുള്ള ബന്ധപ്പെട്ട മറ്റ് യഥാകാല സത്യത്തിനു വേണ്ടിയും ഞങ്ങൾ ദൈവത്തിനും നമ്മുടെ കർത്താവായ യേശുവിനും സ്തുതിയും പുകഴ്ചയും അർപ്പിക്കുന്നു. എപ്പിഫനി പാളയസമർപ്പിതരുടെ കാലോചിതമായ ബലപ്പെടുത്തലിനു വേണ്ടിയും നമ്മെ ഓരോരുത്തരെയും ദൈവവചനത്തിലുള്ള വിശ്വാസത്തിൽ നന്നായി ഉറപ്പിക്കുന്നതിനു വേണ്ടിയും സ്തുതിയും പുകഴ്ചയും അർപ്പിക്കാം.

### വിശ്വസ്തരായ എപ്പിഫനിപാളയസമർപ്പിതർക്ക് (സി.ഇ.സി) ഉള്ള പ്രതിഫലങ്ങൾ

ബ്രദർ ജോൺസൻ (E 12 PP 187 ന്റെ താഴെ ഭാഗത്തും 188 ലും) പറഞ്ഞിരിക്കുന്നതു പോലെ "അഞ്ചാമത്തെ തിരഞ്ഞെടുപ്പുഗണമെന്ന് പരാമർശിച്ചിരിക്കുന്ന ക്വാസി ഇലക്റ്റ്, ധാരാളമായി തെരഞ്ഞെടുപ്പുഗണത്തോട് അടുത്തു ബന്ധമുള്ളവരാകയാൽ തിരഞ്ഞെടുക്കപ്പെട്ടവരുടെ കീഴിൽവരാൻ സാദ്ധ്യതയുള്ളവരാണ്. ഇത് പ്രത്യേകമായും എപ്പിഫനിപാളയസമർപ്പിതരുടെ കാര്യത്തിൽ ശരിയാണ്. എന്നാൽ ഈ യുഗാവസാനത്തിലുള്ള യുവവീരന്മാരുമായുള്ള വ്യത്യാസം വിവരിക്കുവാൻ പ്രയാസമാണ്. യുവവീരന്മാരുടെ സഹസ്രാബ്ദ പ്രതിഫലത്തെ പുരാതന വീരന്മാർക്കുള്ള പ്രതിഫലത്തോട് നാം ഒത്തുനോക്കുന്നു. അതിനെക്കുറിച്ച് ബ്രദർ ജോൺസൻ ഇങ്ങനെ എഴുതിയിരിക്കുന്നു: "സഹസ്രാബ്ദത്തിൽ യുവവീരന്മാർക്കും ദിവ്യസ്വഭാവത്തിനനുസരണമായി സമാനമായ [പുരാതന വീരന്മാർക്കു നല്കിയതിനു സമാനമായ] പ്രതിഫലം തന്നെ നല്കുമെന്ന് നാം ന്യായമായി വിചാരിക്കുന്നു, കാരണം, മനുഷ്യരുടെ ഇടയിൽ സാത്താൻ, പാപം, അസത്യം, മരണം എന്നിവയുടെ ആധിപത്യത്താലും അധപതനത്താലും സാഹചര്യങ്ങൾ വളരെ ദുഷ്കരമാക്കിയ അവസ്ഥയിലും അവർ ദൈവത്തോട് സമാനമായ വിശ്വസ്തത പുലർത്തിയവരാണ്. ഇരുവിഭാഗങ്ങളുടെയും കാര്യങ്ങൾ വളരെ സമാനമാണ്. ഒരുപോലെ കാഠിന്യമേറിയ അവസ്ഥകളിലും ഇരുവിഭാഗങ്ങളും ഒരുപോലെയുള്ള വിശ്വസ്തതയുടെ ആത്മാവുതന്നെയാണ് പ്രദർശിപ്പിച്ചത്".

ബ്രദർ ജോൺസൻ തുടർന്നു പറയുമ്പോൾ (E 4. PP. 329, 330) യുവവീരഗണത്തിന്റെ സഹസ്രാബ്ദ പ്രതിഫലങ്ങൾ സമാനതകളുള്ളതെങ്കിലും പുരാതനവീരന്മാരുടേതുമായി ഒത്തുനോക്കുമ്പോൾ ഒരുപോലെയല്ല, ചെറുതായിരിക്കും; പാപം പ്രാബല്യത്തിലിരിക്കയും, പരമവിളിയുടെ വാതിൽ അടയുകയും, എന്നാൽ വിശുദ്ധിയിൻ പെരുവഴി തുറക്കാതിരിക്കയും ചെയ്യുന്ന കാലത്ത് വിശ്വസ്തരായി തെളിയിക്കപ്പെടുന്ന ഏവർക്കും ദൈവികസ്വഭാവം ഒരേ സഹസ്രാബ്ദ പ്രതിഫലം നല്കുമെന്ന് പ്രതീക്ഷിക്കുന്നതു ന്യായമെങ്കിലും അങ്ങനെയല്ലന്നു ബ്രദർ ജോൺസൻ പറയുന്നു.

മനുഷ്യരുടെ ഇടയിൽ സാത്താനും പാപവും അസത്യവും മരണവും അതിന്റെ സ്വാധീനവും ആധിപത്യവും ഉറപ്പിച്ച് സ്ഥിതിഗതികൾ അത്യന്തം ദുഷ്കരമാക്കിയിരിക്കുന്നതിനിടയിലും ദൈവത്തോട് വീരന്മാരുടേതിന്, പ്രത്യേകിച്ച് യുവവീരന്മാരുടേതിനു സമാനമായ വിശ്വസ്തത പുലർത്തുന്ന എപ്പിഫനി പാളയ സമർപ്പിതർക്ക് വീരന്മാർക്കു നല്കുന്നതിനു സമാനമായ സഹസ്രാബ്ദ പ്രതിഫലം ദൈവിക സ്വഭാവം നല്കുമെന്ന് യുക്തിയനുസരണം നമുക്കു ചിന്തിക്കാമെങ്കിലും, അങ്ങനെ ഒരുപോലെ ആയി

രിക്കേണ്ട ആവശ്യമില്ല. പൊതുവെ ക്വാസി ഇലക്റ്റ് "അബ്രഹാമ്യ സന്തതിയിലെ അഞ്ചാമത്തെ തിരഞ്ഞെടുപ്പു ഗണമാണെന്നും" (നാലാമത്തെ ക്രമമായ യുവവീരന്മാർക്കു ശേഷമുള്ള), "സഹസ്രാബ്ദ സത്യം കൊണ്ട് ലോകത്തെ അനുഗ്രഹിക്കുന്ന വേലയിൽ പുരാതന വീരന്മാരുടെയും യുവവീരന്മാരുടെയും മുഖ്യസഹായികളും (സങ്കീ. 107:21,22), ദൈവരാജ്യത്തിലെ അവരുടെ മുഖ്യകീഴ്ഘടകവും (E 12, PP. 185, 188, 519; PT' 41, P. 545) ആയിരിക്കുമെന്നു ബ്രദർ ജോൺസൻ വ്യക്തമാക്കുന്നു. "പുരാതന വീരന്മാരുടെയും യുവവീരന്മാരുടെയും പ്രത്യേക സഹായികൾ എന്ന നിലയിൽ അവർ അവരുടെ പൊരുളിലെ സഹോദരിമാരായിരിക്കും; അങ്ങനെ അവരായിരിക്കും അബ്രഹാമിന്റെ സഹസ്രാബ്ദപൂർവ്വ സന്തതിയിലെ ഏറ്റം താണഗണം. അവരായിരിക്കും പുതിയനിയമ ഉടമ്പടി വ്യവസ്ഥയിൻ കീഴിൽ ശേഷിക്കുന്ന ഭൂമിയിലുള്ള സകല മാനുഷിക കുടുംബങ്ങളെയും ജാതികളെയും വംശങ്ങളെയും അനുഗ്രഹിക്കുന്നതിനു വേണ്ടി പ്രത്യേകമായി ഉപയോഗിക്കപ്പെടുന്ന അവർക്കു മീതെയുള്ള ഗണം" (E-11, P. 293). അവർ സഹസ്രാബ്ദ സഹപ്രഭുക്കന്മാരായിരിക്കും.

എപ്പിഫനിപാളയസമർപ്പിതർ തങ്ങളുടെ പ്രതിഷ്ഠയുടെയും സമർപ്പണത്തിന്റെയും കാരണത്താൽ ക്വാസിഇലക്ടിലെ ഏറ്റവും ഉയർന്ന ഗണമായിരിക്കും. "പാപം പ്രാബല്യത്തിലിരിക്കുമ്പോൾ ദൈവത്തെ വിശ്വസ്തതയോടെ സേവിക്കുന്നവർക്കുള്ള പ്രതിഫലം" (E-4, P. 329), ആണയാലുറപ്പിക്കപ്പെട്ട ഉടമ്പടിയുടെ ഭൗമികബന്ധത്തെ ദൈവീകസ്വഭാവത്തിനുസരണമായി പരിഗ്രഹണം ചെയ്യുമ്പോൾ കാണാവുന്നതാണ്. വിശ്വസ്ത സമർപ്പിത വിശ്വാസികളായ എപ്പിഫനി പാളയ സമർപ്പിതർക്ക്, ദൈവികസ്വഭാവം തീർച്ചയായും പ്രതിഫലം നല്കുമെന്ന് വ്യക്തമാണ്. സാത്താന്റെ സ്വാധീനവും ആധിപത്യവും നിമിത്തം കാര്യങ്ങൾ വളരെ ദുഷ്കരമാക്കിത്തീർത്ത അവസ്ഥയിലും അവർ തങ്ങളുടെ സമർപ്പണത്തെ വിശ്വസ്തതയോടെ പാലിച്ച് ദൈവത്തോടുള്ള തങ്ങളുടെ വിശ്വസ്തതയും ആത്മാർത്ഥയും വെളിപ്പെടുത്തിയവരാണ്. അവരും തങ്ങളുടെ വിശ്വസ്തതയുടെ പ്രതിഫലമായി ദൈവത്തിൽ നിന്ന് വലിയ പ്രതിഫലം പ്രാപിക്കുന്ന അഞ്ചാമത്തെ തിരഞ്ഞെടുപ്പുഗണമാണ്.

നാം കുഴപ്പകാലത്തിലെ, എപ്പിഫനി അല്ലെങ്കിൽ അപ്പൊകാലിപ്സ് കാലത്തുള്ള എപ്പിഫനി പാളയ സമർപ്പിതർ (CEC) ആയതുകൊണ്ട്, ശേഷിക്കുന്ന ക്വാസി ഇലക്ടിനെക്കാൾ ഉയർന്ന പ്രതിഫലമുള്ളവരാണെന്ന് തിരിച്ചറിയുക. ക്വാസി ഇലക്റ്റ് തങ്ങളെത്തന്നെ സമർപ്പണത്തിലൂടെ ദൈവത്തിനു നല്കാൻ കഴിയാതെ വളരെ കുറച്ചു മാത്രം ചെയ്ത നിർണ്ണായക വിശ്വസ്തത മാത്രമുള്ള വിശ്വാസികളാണ് (PT' 26, P. 118, Col. 2, bottom; Comp. PT' 57, P. 26, Col. 2).

പൊതുവായ വീരന്മാരുടെ (കെതൂറായുടെ രണ്ടാമതു ജനിച്ച മകൻ) സ്ഥാനം ശേഷിക്കുന്ന ക്വാസി ഇലക്ടിനെക്കാളും കെതൂറായുടെ ഒടുവിൽ ജനിച്ച മകനാൽ ചിത്രപ്പെടുത്തുന്ന യഥാസ്ഥാപന ക്ലാസുകാരെക്കാളും മുകളിലാണ്. കാരണം എപ്പിഫനി പാളയ സമർപ്പിതരുടെ സ്ഥാനം ക്വാസി ഇലക്ടിൽ ഉയർന്ന ഗണം എന്ന നിലയിൽ വീരന്മാരുടെ സ്ഥാനത്തിനു തൊട്ടുതാഴെയായിരിക്കും. തീർച്ചയായും അവർക്കുള്ള സഹസ്രാബ്ദ പ്രതിഫലം പലനിലകളിലും വീരന്മാരുടേതിന്, പ്രത്യേകിച്ച് യുവവീരന്മാരുടേതിന് തുല്യമായിരിക്കും – ഒരുപോലെയല്ലെങ്കിലും. എപ്പിഫനിപാളയസമർപ്പിതർ വീരന്മാരുടെ കീഴിൽ, ക്വാസിഇലക്ടിൽ വെച്ച് ഏറ്റം ഉയർന്ന ഗണമായി പരിഗണിക്കപ്പെടും. പൊരുളായ മെദാൻ (കെതൂറായുടെ മൂന്നാമതു ജനിച്ച മകൻ) എന്ന നിലയിൽ എപ്പിഫനി പാളയ സമർപ്പിതരുടെ (CEC) സ്ഥാനം പൊരുളായ യൊക്ശാന്റെ (കെതൂറായുടെ രണ്ടാമതു ജനിച്ച മകന്റെ) താഴെയായിരിക്കും.

പാപം പ്രാബല്യത്തിലിരിക്കുമ്പോൾ തങ്ങളുടെ പരിശോധനകൾക്ക് അവരുടെ മേൽ വരുവാൻ ദൈവം അനുവദിക്കുന്ന പരീക്ഷകളുടെ കാഠിന്യമനുസരിച്ച്, തങ്ങളുടെ സമർപ്പണത്തിന്റെ പാലനത്തിൽ വിശ്വസ്തരായവർക്ക് ദൈവം നല്കുന്ന പ്രതിഫലവും വ്യത്യസ്ഥമായിരിക്കുമെന്ന് നാം മനസ്സിൽ കരുതിക്കൊള്ളണം. അതുകൊണ്ട് ദൈവം ആത്മോപാദിതരായ ഓരോരുത്തരുടെയും പരിശോധനയ്ക്ക് അനുവദിക്കുന്നത്ര കഠിനവും അതിരൂക്ഷവുമായ പരിശോധനകൾ ആത്മോത്പാദിതരല്ലാത്ത ഓരോരുത്തർക്കും അനുവദിക്കുന്നില്ല (E-15, PP. 531, 532). അതുപോലെ ദൈവം എപ്പിഫനി പാളയ സമർപ്പിതരെ, വീരന്മാരെ കഠിനമായി പരിശോധിക്കുന്നതുപോലെ കഠിനമായി പരിശോധിക്കുന്നില്ലെന്നു കാണുന്നു; അതുകൊണ്ട് സഹസ്രാബ്ദ പ്രതിഫലങ്ങളും സമാനതകളുള്ളതെങ്കിലും ഒരുപോലെയല്ല. വീരന്മാർ ഉയർന്ന ഗണവും എപ്പിഫനി പാളയ സമർപ്പിതർ അതിനടുത്ത ഗണവുമായിരിക്കും.

ഇതുപോലെ സഹസ്രാബ്ദത്തിലും അതിനുശേ

ഷവും (അല്പകാലത്തിൽ) ഉള്ള വീരന്മാരുടെ ശുശ്രൂഷാവേലയും കഷ്ടാനുഭവങ്ങളും (E4 PP. 332, 333) തെളിവായും എപ്പിഫനി പാളയ സമർപ്പിതരുടേതിൽ നിന്നും വളരെ വലുതും, ശേഷമുള്ള ക്വാസി ഇലക്റ്റിന്റേതിൽ നിന്ന് വളരെയേറെ വലുതും തിരഞ്ഞെടുക്കപ്പെടാത്തവരുടേതിൽ നിന്ന് അതിലൊക്കെ വളരെ വലുതുമായിരിക്കും. ഇക്കാരണത്താൽ സഹസ്രാബ്ദാനന്തരം ദൈവം വീരന്മാരെ ആത്മതലത്തിലുള്ള ഉന്നതമായ പ്രതിഫലം നല്കി അനുഗ്രഹിക്കും. ഇത് മാനുഷികതലത്തിലുള്ള ക്വാസിഇലക്റ്റിലെ ഉയർന്ന ഗണമായ എപ്പിഫനി പാളയ സമർപ്പിതരുടേതിൽ നിന്ന് (പൊരുളായ മിര്യാം) വളരെ ഉയർന്ന ഒരു പടിയായിരിക്കും (PT' 2004, P. 41, 50; E-11, PP. 293-295).

## "നിന്റെ രാജ്യം വരേണമേ" എന്ന് എന്തിന് പ്രാർത്ഥിക്കണം?
## WHY PRAY, "THY KINGDOM COME"?

ആയിരക്കണക്കിനു സഭകളിലുള്ള ക്രിസ്ത്യാനികൾ ഞായറാഴ്ചയും, മറ്റു ദിവസങ്ങളിൽ തങ്ങളുടെ ഭവനത്തിലിരുന്നുകൊണ്ടും "കർത്തൃപ്രാർത്ഥന" (മത്താ. 6:9-13) എന്ന് പൊതുവായി വിളിക്കുന്ന പ്രാർത്ഥന വ്യക്തിപരമായും കൂട്ടമായും ചേർന്ന് ആവർത്തിച്ച് പ്രാർത്ഥിക്കാറുണ്ട്. പൊതുവായി പറയുമ്പോൾ, അവർ എന്തിനുവേണ്ടിയാണ് ശരിക്കും പ്രാർത്ഥിക്കുന്നതെന്ന് വളരെ അല്പമായി മാത്രം മനസ്സിലാക്കിക്കൊണ്ടാണ് അങ്ങനെ ചെയ്യുന്നത്. അതിനേക്കാളും മോശമായതെന്തെന്നാൽ അതിനെ ശരിക്കും ഹൃദയത്തിൽ നിന്നും വരുന്ന പ്രാർത്ഥനയാക്കാതെ ഒരു ശീലമായ കാര്യമെന്നപോലെയോ അല്ലെങ്കിൽ മറ്റുള്ളവർ ചെയ്യുന്ന കാരണത്താലോ അനേകർ ഇത് ആവർത്തിച്ചു പറയുന്നു എന്നതാണ്.




അമേരിക്കയിലെ പ്രമുഖ പ്രസംഗകരിൽ ഒരാൾ ഒരിക്കൽ പറഞ്ഞു, നുണ പറയുന്ന ഏറ്റവും വലിയ സമയം സഭയിൽ പാട്ടു പാടുമ്പോഴും പ്രാർത്ഥിക്കുമ്പോഴുമുള്ള സമയമാണ് എന്ന്. അപ്പോൾ വാക്കുകൾക്ക് അർത്ഥം കല്പിക്കാതെ ആചാരപരമായി പാടുകയോ ആവർത്തിക്കുകയോ ആണ് ചെയ്യുന്നത്, അനേകരെ സംബന്ധിച്ച് അത് ജല്പനം അഥവാ വ്യർത്ഥമായ ആവർത്തനമായ കാര്യമാണ് (മത്താ. 6:7).

"നിന്റെ രാജ്യം വരേണമെ. നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലേതു പോലെ ഭൂമിയിലും ആകേണമെ" എന്ന് തന്റെ ശിഷ്യന്മാരെ പ്രാർത്ഥിക്കുവാൻ പഠിപ്പിച്ചപ്പോൾ യേശു എന്താണർത്ഥമാക്കിയിരുന്നത്? "നിന്റെ രാജ്യം വരേണമെ" എന്ന് തന്റെ ശിഷ്യന്മാരെ താൻ പ്രാർത്ഥിക്കുവാൻ പഠിപ്പിച്ചതെന്തിനാണ്? ഈ പ്രാർത്ഥനയിലുള്ള തന്റെ മറുപടിയിൽ അനേക മഹത്ത്വമേറിയ കാര്യങ്ങൾ വരുമെന്ന് തന്റെ വചനത്തിലൂടെ ദൈവം നമ്മെ കാണിക്കുന്നു; നാം എന്തിന് ഈ പ്രാർത്ഥന ദൈവത്തിനർപ്പിക്കേണമെന്നതിന് ഈ പാഠത്തിലുള്ള ഓരോന്നും ഒരു വളരെ നല്ല കാരണമാണ്. പഴയ നിയമത്തിൽ നിന്നും പുതിയ നിയമത്തിൽ നിന്നും ഓരോ വാക്യങ്ങൾ കൊടുത്തുകൊണ്ട് ഈ കാരണങ്ങളിൽ അധികം പ്രാധാന്യമായവയിൽ ഒരല്പം ഞങ്ങൾ ഇവിടെ ഉദ്ധരിക്കുന്നു. "നിന്റെ രാജ്യം വരേണമേ" എന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നതിനു കാരണം:

(1) *നമ്മുടെ വീണ്ടെടുപ്പുകാരൻ രക്ഷ കൊണ്ടുവരുന്നതിന് രണ്ടാമതും പ്രത്യക്ഷപ്പെടേണ്ടതിനു വേണ്ടി നാം നോക്കിപ്പാർക്കുന്നു.*

"എന്നെ വീണ്ടെടുക്കുന്നവൻ ജീവിച്ചിരിക്കുന്നു എന്നും അവൻ ഒടുവിൽ പൊടിമേൽ നില്ക്കുമെന്നും ഞാൻ അറിയുന്നു" (ഇയ്യോ. 19:25).

"ക്രിസ്തുവും അങ്ങനെതന്നെ അനേകരുടെ പാപങ്ങളെ ചുമപ്പാൻ ഒരിക്കൽ അർപ്പിക്കപ്പെട്ടു തനിക്കായി കാത്തുനില്ക്കുന്നവരുടെ രക്ഷയ്ക്കായി അവൻ പാപം കൂടാതെ രണ്ടാമതു പ്രത്യക്ഷനാകും" (എബ്രാ. 9:28)

(2) *ഇപ്പോഴത്തെ ദുഷ്ടലോകത്തിൽ നിന്നുമുള്ള വിടുതലിനായി നാം കാംക്ഷിക്കുന്നു.*

"ആ കാലത്ത് നിന്റെ സ്വജാതിക്കാർക്ക് തുണ നില്ക്കുന്ന മഹാപ്രഭുവായ മീഖായേൽ എഴുന്നേല്ക്കും; ഒരു ജാതി ഉണ്ടായതു മുതൽ ഈ കാലംവരെ സംഭവിച്ചിട്ടില്ലാത്ത കഷ്ടകാലം ഉണ്ടാകും; അന്നു നിന്റെ ജനം പുസ്തകത്തിൽ എഴുതിക്കാണുന്ന ഏവനും തന്നെ, രക്ഷ പ്രാപിക്കും" (ദാനി. 12:1).

"നമ്മുടെ ദൈവവും പിതാവുമായവന്റെ ഇഷ്ടപ്രകാരം ഇപ്പോഴത്തെ ദുഷ്ടലോകത്തിൽ നിന്നു നമ്മെ വിടുവിക്കേണ്ടതിനു..." (ഗലാ. 1:3)

(3) *സകല യുദ്ധങ്ങളും അവസാനിക്കണമെന്ന് നാം വാഞ്ചിക്കുന്നു.*

"അവൻ ജാതികളുടെ ഇടയിൽ ന്യായം വിധിക്കയും ബഹുവംശങ്ങൾക്കു വിധികല്പിക്കയും ചെയ്യും; അവർ തങ്ങളുടെ വാളുകളെ കൊഴുക്കളായും കുന്തങ്ങളെ വാക്കത്തികളായും അടിച്ചുതീർക്കും; ജാതി ജാതിക്കു നേരേ വാളോങ്ങുകയില്ല; അവർ ഇനി യുദ്ധം അഭ്യസിക്കയുമില്ല" (യെശ. 2:4).

"അവൻ അവരുടെ കണ്ണിൽ നിന്നു കണ്ണുനീർ എല്ലാം തുടച്ചുകളയും. ഇനി മരണം ഉണ്ടാകയില്ല; ഒന്നാമത്തേത് കഴിഞ്ഞുപോയി" (വെളി. 21:4)

(4) *യിസ്രായേലിനു രാജ്യം പുനസ്ഥാപിച്ചു കൊടുക്കുവാൻ നാം ആഗ്രഹിക്കുന്നു.*

"നീയോ ഏദെർഗോപുരമേ (ആട്ടിൻ കൂട്ടത്തിന്റെ ഗോപുരമേ), സീയോൻ പുത്രിയുടെ ഗിരിയേ, നിനക്കു വരും (മശിഹായ്ക്ക്). പൂർവ്വാധിപത്യം യെരുശലേം പുത്രിയുടെ രാജത്വം തന്നെ നിനക്കു വരും" (മീഖാ. 4:8)

"ഒരുമിച്ചു കൂടിയിരുന്നപ്പോൾ അവർ അവനോട്: കർത്താവേ, നീ യിസ്രായേലിന് ഈ കാലത്തിലോ രാജ്യം യഥാസ്ഥാനത്താക്കിക്കൊടുക്കുന്നത് എന്നു ചോദിച്ചു. അവൻ അവരോട്: പിതാവ് തന്റെ സ്വന്ത അധികാരത്തിൽ വെച്ചിട്ടുള്ള കാലങ്ങളെയോ സമയങ്ങളെയോ അറിയുന്നത് നിങ്ങൾക്കുള്ളതല്ല (അപ്പൊ. 1:6,7).

(5) *ഭൂമിയിൽ ദൈവത്തിന്റെ നിത്യമായ രാജ്യം അക്ഷരികമായി സ്ഥാപിക്കുവാൻ നാം വാഞ്ചിക്കുന്നു.*

"സകല വംശങ്ങളും ജാതികളും ഭാഷക്കാരും അവനെ സേവിക്കേണ്ടതിന് അവന് (മശിഹാ, മനുഷ്യപുത്രൻ) ആധിപത്യവും മഹത്ത്വവും രാജത്വവും ലഭിച്ചു; അവന്റെ ആധിപത്യം നീങ്ങിപ്പോകാത്ത നിത്യാധിപത്യവും അവന്റെ രാജത്വം നശിച്ചുപോകാത്തതും ആകുന്നു" (ദാനി. 7:14).

ഏഴാമത്തെ ദൂതൻ ഊതിയപ്പോൾ: *ലോകരാജത്വം* നമ്മുടെ കർത്താവിനും അവന്റെ ക്രിസ്തുവിനും ആയിത്തീർന്നിരിക്കുന്നു; അവൻ എന്നെന്നേക്കും വാഴും എന്ന് സ്വർഗത്തിൽ ഒരു മഹാഘോഷം ഉണ്ടായി" (വെളി. 11:15).

(6) *മനുഷ്യവർഗ്ഗത്തിലെല്ലാവരും ദൈവമഹത്വം കാണണമെന്ന് നാം ആഗ്രഹിക്കുന്നു. യഹോവയുടെ മഹത്ത്വം വെളിപ്പെടും, സകല ജഡവും ഒരുപോലെ അതിനെ കാണും; യഹോവയുടെ വായല്ലോ അരുളിച്ചെയ്തിരിക്കുന്നത്"* (യെശ. 40:5).

സകല ജഡവും ദൈവത്തിന്റെ രക്ഷയെ കാണും (ലൂക്കൊ. 3:6).

(7) *അബ്രഹാമ്യ സന്തതി ഭൂമിയിലെ സകല കുടുംബങ്ങളേയും അനുഗ്രഹിക്കേണ്ടതിനു വേണ്ടി നാം വാഞ്ചിച്ചു പാർക്കുന്നു.*

"നിന്റെ സന്തതി മുഖാന്തരം ഭൂമിയിലുള്ള സകല ജാതികളും അനുഗ്രഹിക്കപ്പെടും" (ഉല്പ. 22:18).

"എന്നാൽ ദൈവം വിശ്വാസംമൂലം ജാതികളെ നീതീകരിക്കുന്നു എന്നു തിരുവെഴുത്ത് മുൻകണ്ടിട്ട്: നിന്നിൽ സകല ജാതികളും അനുഗ്രഹിക്കപ്പെടും എന്നുള്ള സുവിശേഷം അബ്രഹാമിനോടു മുമ്പുകൂട്ടി അറിയിച്ചു (ഗലാ. 3:8).

(8) *അത് സൂചിപ്പിക്കുവാൻ പോവുന്നത്, സാത്താന്റെ ബന്ധനത്തിന്റെ പൂർണ്ണതയും പിന്നെ അത് കൊണ്ടുവരുന്നത് ജാതികളെ അടിച്ചമർത്തിയിരുന്ന ആദാമ്യശാപത്തിന്റെ ദൂരീകരണവും വഞ്ചനയുടെയും തെറ്റിന്റെയുമായ മൂടുപടത്തിന്റെ ദൂരീകരണവുമാണ്.*

സകല വംശങ്ങൾക്കും ഉള്ള മൂടുപടവും സകല ജാതികളുടെയും മേൽ കിടക്കുന്ന മറവും അവൻ ഈ പർവ്വതത്തിൽ വെച്ചു നശിപ്പിച്ചുകളയും (യെശ. 25:7).

അവൻ പിശാചും സാത്താനും എന്നുള്ള പഴയ പാമ്പായ മഹാസർപ്പത്തെ പിടിച്ചു ആയിരം ആണ്ടേക്കു ചങ്ങലയിട്ടു. ആയിരം ആണ്ടു കഴിയുവോളം ജാതികളെ വഞ്ചിക്കാതിരിക്കാൻ അവനെ അഗാധത്തിൽ തള്ളിയിട്ട് അടച്ചുപൂട്ടുകയും മീതെ മുദ്രയിടുകയും ചെയ്തു. അതിന്റെ ശേഷം അവനെ അല്പകാലത്തേക്ക് അഴിച്ച് വിടേണ്ടതാകുന്നു" (വെളി. 20:2,3).

(9) *കർത്താവിനെക്കുറിച്ചുള്ള പരിജ്ഞാനം ലോകവ്യാപകമായി നിറയണം എന്ന് നാം വാഞ്ചിക്കുന്നു.*

സമുദ്രം വെള്ളം കൊണ്ട് നിറഞ്ഞിരിക്കുന്നതുപോലെ ഭൂമി യഹോവയുടെ പരിജ്ഞാനംകൊണ്ടു പൂർണമായിരിക്കയാൽ എന്റെ വിശുദ്ധ പർവ്വതത്തിൽ (രാജ്യം) എങ്ങും ഒരു ദോഷമോ നാശമോ ആരും ചെയ്കയില്ല" (യെശ. 11:9).

അതു നമ്മുടെ രക്ഷിതാവായ ദൈവത്തിന്റെ സന്നിധിയിൽ നല്ലതും പ്രസാദകരവും ആകുന്നു. അവൻ സകല മനുഷ്യരും രക്ഷ പ്രാപിക്കാനും സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തുവാനും ഇച്ഛിക്കുന്നു. ദൈവം ഒരുവനല്ലോ; ദൈവത്തിനും മനുഷ്യർക്കും മധ്യസ്ഥനും ഒരുവൻ: എല്ലാവർക്കും വേണ്ടി മറുവിലയായി തന്നെത്താൻ കൊടുത്ത മനുഷ്യനായ ക്രിസ്തുയേശു തന്നെ" (1 തിമൊ. 2:3-6).

(10) *ലോകത്തിനും ഒരു ന്യായവിധിദിവസം ഉണ്ടാവണമെന്ന് നാം ആഗ്രഹിക്കുന്നു.*

വയലും അതിലുള്ളതൊക്കെയും ആഹ്ലാദിക്കട്ടെ; അപ്പോൾ കാട്ടിലെ സകല വൃക്ഷങ്ങളും ഉല്ലസിച്ചു ഘോഷിക്കും. യഹോവയുടെ സന്നിധിയിൽത്തന്നെ; അവൻ വരുന്നുവല്ലോ; അവൻ ഭൂമിയെ വിധിപ്പാൻ വരുന്നു; അവൻ ഭൂലോകത്തെ നീതിയോടും ജാതികളെ വിശ്വസ്തതയോടും കൂടെ വിധിക്കും (സങ്കീ. 96:12,13).

"താൻ നിയമിച്ച പുരുഷൻ മുഖാന്തരം ലോകത്തെ നീതിയിൽ ന്യായം വിധിപ്പാൻ അവൻ ഒരു ദിവസത്തെ നിശ്ചയിച്ചു; അവനെ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേല്പിച്ചതിനാൽ എല്ലാവർക്കും അതിന്റെ ഉറപ്പുനല്കിയുമിരിക്കുന്നു" (അപ്പൊ. 17:31).

(11) *ശിരസ്സും ശരീരവുമായി വന്ന്, ക്രിസ്തു പെട്ടന്നുതന്നെ സാത്താനെ ജയിക്കുന്നതിന വേണ്ടി നാം നോക്കിപ്പാർക്കുന്നു.*

ഞാൻ നിനക്കും സ്ത്രീക്കും നിന്റെ സന്തതിക്കും അവളുടെ സന്തതിക്കും തമ്മിൽ ശത്രുത്വം ഉണ്ടാക്കും. അവൻ നിന്റെ തല തകർക്കും. നീ അവന്റെ കുതികാൽ തകർക്കും (ഉല്പ. 3:15)

സമാധാനത്തിന്റെ ദൈവമോ വേഗത്തിൽ സാത്താനെ നിങ്ങളുടെ കാല്ക്കീഴെ ചതച്ചുകളയും (റോമ. 16:20)

(12) *പുതിയ ആകാശത്തിനും (സാത്താനും അവന്റെ തിന്മയുള്ള ദൂതന്മാർക്കും പകരം യേശുവും തന്റെ മണവാട്ടിയും നിയന്ത്രണമേറ്റെടുത്തുകൊണ്ട്) ഒരു പുതിയ ഭൂമിക്കുമായി (പുനരുജ്ജീവിച്ച്, പുനസ്ഥാപിക്കപ്പെട്ട മനുഷ്യകുലം) നാം നോക്കിപ്പാർക്കുന്നു.*

"ഇതാ, ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കുന്നു; മുമ്പിലത്തവ ആരും ഓർക്കുകയില്ല; ആരുടെയും മനസ്സിൽ വരികയുമില്ല" (യെശ. 65:17).

"എന്നാൽ നാം അവന്റെ വാഗ്ദത്ത പ്രകാരം നീതി വസിക്കുന്ന പുതിയ ആകാശത്തിനും പുതിയ ഭൂമിക്കുമായിട്ടു കാത്തിരിക്കുന്നു" (1 പത്രൊ. 3:13).

(13) *രക്ഷയ്ക്കുവേണ്ടി തികവും പൂർണ്ണവുമായ അവസരം ലഭിച്ചതിനുശേഷവും നിത്യജീവന് അയോഗ്യരായിക്കാണുന്ന - സകല ദുഷ്ടന്മാരുടെയും നാശം അത് കൊണ്ടുവരും.*

"യഹോവ തന്നെ സ്നേഹിക്കുന്ന ഏവരേയും പരിപാലിക്കുന്നു; എന്നാൽ സകലദുഷ്ടന്മാരെയും അവൻ നശിപ്പിക്കും" (സങ്കീ. 145:20).

"എന്നാൽ ഭീരുക്കൾ, അവിശ്വാസികൾ, അറയ്ക്കപ്പെട്ടവർ, കൊലപാതകന്മാർ, ദുർന്നടപ്പുകാർ, ക്ഷുദ്രക്കാർ, ബിംബാരാധികൾ എന്നിവർക്കും ഭോഷ്കു പറയുന്ന ഏവർക്കുമുള്ള ഓഹരി തീയും ഗന്ധകവും കത്തുന്ന പൊയ്കയിലത്രേ; അതു രണ്ടാമത്തെ മരണം" (വെളി. 21:8).

(14) *പുതിയ ആകാശവും പുതിയ ഭൂമിയും നിത്യയുഗങ്ങളിലുടനീളം സ്വർഗ്ഗീയ പിതാവിനും അവിടുത്തെ പ്രിയ പുത്രനും നമ്മുടെ രക്ഷകനുമായ യേശുക്രിസ്തുവിനും സ്തുതിഗീതങ്ങൾ പാടുന്ന കാലത്തിനായി സന്തോഷത്തോടെ നാം നോക്കി പാർക്കുന്നു.*

"അങ്ങനെ യഹോവയാൽ വീണ്ടെടുക്കപ്പെട്ടവർ മടങ്ങി ഉല്ലാസഘോഷത്തോടെ സീയോനിലേക്കു വരും; നിത്യാനന്ദം അവരുടെ തലമേൽ ഉണ്ടായിരിക്കും; അവർ ആനന്ദവും സന്തോഷവും പ്രാപിക്കും; ദുഃഖവും നെടുവീർപ്പും ഓടിപ്പോകും" (യെശ. 35:10).

"സ്വർഗത്തിലും ഭൂമിയിലും ഭൂമിക്കു കീഴിലും സമുദ്രത്തിലും ഉള്ള സകല സൃഷ്ടിയും അവയിലുള്ളതൊക്കെയും: സിംഹാസനത്തിൽ ഇരിക്കുന്നവനും കുഞ്ഞാടിനും സ്തോത്രവും ബഹുമാനവും മഹത്ത്വവും ബലവും എന്നെന്നേക്കും ഉണ്ടാകട്ടെ എന്നു പറയുന്നത് ഞാൻ കേട്ടു" (വെളി. 5:13).

ഭൂമിയിൽ ദൈവത്തിന്റെ മഹത്ത്വമേറിയ രാജ്യസ്ഥാപനത്തിന്റെ ഫലമായി വരുവാൻ പോവുന്ന അത്ഭുതകരമായ അനുഗ്രഹങ്ങളുടെ ധാരാളം വാഗ്ദത്തങ്ങളെക്കുറിച്ച് ധ്യാനിക്കയിൽ നാം വിസ്മയിക്കും. ഈ വിലയേറിയ വാഗ്ദത്തങ്ങളെ നാം കൂടുതൽ പഠിക്കുകയും വിലമതിക്കുകയും ചെയ്യുമ്പോൾ "നിന്റെ രാജ്യം വരേണമേ എന്ന നമ്മുടെ പ്രാർത്ഥന നമുക്ക് കൂടുതൽ അർത്ഥവത്തായി മാറും. ക്രിസ്തുവിലൂടെ ഈ പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിക്കുമെന്ന് ദൈവം നമ്മോട് ഉറപ്പു പറഞ്ഞിരിക്കുന്നു. അപ്പോൾ നമുക്ക് ഈ പ്രാർത്ഥനയെ ദൈവത്തിന്റെ ഹിതത്തിന് അനുയോജ്യമാണെന്ന വിശ്വാസത്തിന്റെ ഉറപ്പോടുകൂടി ഹൃദയത്തിൽ നിന്നും ആത്മാർത്ഥതയോടും സന്തോഷത്തോടും കൂടെ പ്രാർത്ഥിക്കാം, അങ്ങനെ അവിടുന്ന് നമ്മുടെ പ്രാർത്ഥന കേൾക്കുകയും നാം ചോദിക്കുകയും പ്രാപിക്കുകയും ചെയ്യുന്ന രണ്ടു കാര്യത്തിലും നിശ്ചയമായും നമ്മെ അനുഗ്രഹിക്കുകയും ചെയ്യും.

# ബൈബിൾ സംഭാഷണങ്ങൾ

**കഥകൾ ലളിത ഭാഷയിൽ**

**ഒരിക്കലും പഴകിപ്പോകാത്ത ഒരു പുസ്തകത്തിൽ നിന്നും**

## സോദോമിന്റെ നാശം

ഉല്പ. 18:1-8, 16-19:3, 12-29

അനന്തരം യഹോവ അവനു മമ്രേയുടെ തോപ്പിൽ വെച്ച് പ്രത്യക്ഷനായി; വെയിലുറച്ചപ്പോൾ അവൻ കൂടാരവാതിൽക്കൽ ഇരിക്കയായിരുന്നു. അവൻ തലപൊക്കി നോക്കിയപ്പോൾ മൂന്നു പുരുഷന്മാർ തന്റെ നേരെ നിൽക്കുന്നത് കണ്ടു; അവരെ കണ്ടപ്പോൾ അവൻ കൂടാരവാതിൽക്കൽ നിന്ന് അവരെ എതിരേൽക്കാൻ ഓടിച്ചെന്നു നിലംവരെ കുനിഞ്ഞു; യജമാനനേ, എന്നോട് കൃപയുണ്ടെങ്കിൽ അടിയനെ കടന്നു പോകരുതേ. അസാരം വെള്ളം കൊണ്ടുവന്നു നിങ്ങളുടെ കാലുകളെ കഴുകട്ടെ; വൃക്ഷത്തിന് കീഴിൽ ഇരിപ്പിൻ. ഞാൻ ഒരു മുറി അപ്പം കൊണ്ടുവരാം; വിശപ്പു അടക്കീട്ടു നിങ്ങൾക്ക് പോകാം; ഇതിനായിട്ടല്ലോ നിങ്ങൾ അടിയന്റെ അടുക്കൽ കയറിവന്നത് എന്ന് പറഞ്ഞു. നീ പറഞ്ഞതുപോലെ ആകട്ടെ എന്ന് അവർ പറഞ്ഞു.

അബ്രാഹാം ബദ്ധപ്പെട്ടു കൂടാരത്തിൽ സാറയുടെ അടുക്കൽ ചെന്നു: നീ ക്ഷണത്തിൽ മൂന്നിടങ്ങഴി മാവു എടുത്തു കുഴച്ചു അപ്പമുണ്ടാക്കുക എന്ന് പറഞ്ഞു. അബ്രാഹാം പശുക്കൂട്ടത്തിൽ ഓടിച്ചെന്നു ഇളയതും നല്ലതുമായൊരു കാളക്കുട്ടിയെ പിടിച്ചു ഒരു ബാല്യക്കാരന്റെ പക്കൽ കൊടുത്തു; അവൻ അതിനെ ക്ഷണത്തിൽ പാകം ചെയ്തു. പിന്നെ അവൻ വെണ്ണയും പാലും താൻ പാകം ചെയ്ത കാളക്കുട്ടിയെയും കൊണ്ടുവന്നു അവരുടെ മുൻപിൽ വെച്ചു. അവരുടെ അടുക്കൽ വൃക്ഷത്തിൻ കീഴിൽ ശുശ്രൂഷിച്ചു നിന്നു; അവർ ഭക്ഷണം കഴിച്ചു. ആ പുരുഷന്മാർ അവിടെനിന്നു പുറപ്പെട്ടു സൊദോംവഴിക്കു തിരിഞ്ഞു; അബ്രാഹാം അവരെ യാത്ര അയപ്പാൻ അവരോടുകൂടെ പോയി.

## സോദോമിന്റെയും ഗൊമോറയുടെയും അതികഠിനമായ പാപം.

അപ്പോൾ യഹോവ അരുളിച്ചെയ്തതു: ഞാൻ ചെയ്‌വാനിരിക്കുന്നത് അബ്രാഹാമിനോട് മറച്ചുവെക്കുമോ? അബ്രാഹാം വലിയതും ബലമുള്ളതുമായ ജാതിയായി തീരുകയും അവനിൽ ഭൂമിയിലെ ജാതികളൊക്കെയും അനുഗ്രഹിക്കപ്പെടുകയും ചെയ്യുമല്ലോ. യഹോവ അബ്രഹാമിനെക്കുറിച്ചു അരുളിച്ചെയ്തതു അവന്നു നിവർത്തിച്ചു കൊടുപ്പാൻ തക്കവണ്ണം അബ്രാഹാം തന്റെ മക്കളോടും തനിക്കു പിമ്പുള്ള കുടുംബത്തോടും നീതിയും ന്യായവും പ്രവർത്തിച്ചു കൊണ്ടു യഹോവയുടെ വഴിയിൽ നടപ്പാൻ കല്പിക്കേണ്ടതിന്നു ഞാൻ അവനെ തിരഞ്ഞെടുത്തിരിക്കുന്നു.

പിന്നെ യഹോവ: സോദോമിന്റെയും ഗൊമോരയുടെയും നിലവിളി വലിയതും അവരുടെ പാപം അതികഠിനവും ആകുന്നു. ഞാൻ ചെന്ന് എന്റെയടുക്കൽ വന്നെത്തിയ നിലവിളിപോലെ അവർ കേവലം പ്രവർത്തിച്ചിട്ടുണ്ടോ ഇല്ലയോ എന്ന് നോക്കി അറിയും എന്ന് അരുളിച്ചെയ്തു. അങ്ങനെ ആ പുരുഷന്മാർ അവിടെനിന്നു തിരിഞ്ഞു സോദോമിലേക്ക് പോയി. അബ്രാഹാമോ യഹോവയുടെ സന്നിധിയിൽ തന്നെ നിന്നു.

അബ്രാഹാം അടുത്തുചെന്നു പറഞ്ഞതു: ദുഷ്ടനോടുകൂടെ നീതിമാനെയും നീ സംഹരിക്കുമോ? പക്ഷെ ആ പട്ടണത്തിൽ അൻപതു നീതിമാന്മാർ ഉണ്ടെങ്കിൽ നീ അതിനെ സംഹരിക്കുമോ? അതിലെ അമ്പതു നീതിമാന്മാർ നിമിത്തം ആ സ്ഥലത്തോട് ക്ഷമിക്കയില്ലയോ? ഇങ്ങനെ നീ ഒരുനാളും ചെയ്യുന്നതല്ലല്ലോ? നീതിമാൻ ദുഷ്ടനെപ്പോലെ ആകത്തക്കവണ്ണം ദുഷ്ടനോടുകൂടെ നീതിമാനെ നീ ഒരുനാളും കൊല്ലുകയില്ല. സർവ്വ ഭൂമിക്കും ന്യായാധിപതിയായവൻ നീതി പ്രവർത്തിക്കാതിരിക്കുമോ?

അതിന്നു യഹോവ: ഞാൻ സോദോമിൽ, പട്ടണത്തിനകത്തു, അമ്പത് നീതിമാന്മാരെ കാണുന്നു എങ്കിൽ അവരുടെ നിമിത്തം ആ സ്ഥലത്തോടൊക്കെയും ക്ഷമിക്കും എന്നു അരുളിച്ചെയ്തു.

പൊടിയും വെണ്ണീറുമായ ഞാൻ കർത്താവിനോടു സംസാരിപ്പാൻ തുനിഞ്ഞുവല്ലോ. അമ്പതു നീതിമാന്മാരിൽ പക്ഷെ അഞ്ചുപേർ കുറഞ്ഞു പോയെങ്കിലോ? അഞ്ചുപേർ കുറഞ്ഞതുകൊണ്ടു നീ ആ പട്ടണം മുഴുവനും നശിപ്പിക്കുമോ എന്ന് അബ്രാഹാം പറഞ്ഞതിന്നു: നാല്പത്തഞ്ചു പേരെ ഞാൻ അവിടെ കണ്ടാൽ അതിനെ നശിപ്പിക്കയില്ല എന്ന് അവൻ അരുളിച്ചെയ്തു. അവൻ പിന്നെയും അവനോടു സംസാരിച്ചു: പക്ഷെ നാല്പതുപേരെ അവിടെ കണ്ടാലോ എന്നു പറഞ്ഞതിനു: ഞാൻ നാല്പതുപേരുടെ നിമിത്തം നശിപ്പിക്കയില്ല എന്ന് അരുളിച്ചെയ്തു. അതിനു അവൻ: ഞാൻ പിന്നെയും സംസാരിക്കുന്നു; കർത്താവു കോപിക്കരുതേ; പക്ഷെ മുപ്പതുപേരെ അവിടെ കണ്ടാലോ എന്ന് പറഞ്ഞു. ഞാൻ മുപ്പതുപേരെ അവിടെ കണ്ടാൽ

നശിപ്പിക്കയില്ല എന്നു അവൻ അരുളിച്ചെയ്തു.

**അബ്രഹാം സോദോമിനുവേണ്ടി വാദിക്കുന്നു.**

ഞാൻ കർത്താവിനോടു സംസാരിപ്പാൻ തുനിഞ്ഞുവല്ലോ; പക്ഷെ ഇരുപതു പേരെ അവിടെ അവിടെ കണ്ടാലോ എന്ന് അവൻ പറഞ്ഞതിനു: ഞാൻ ഇരുപതു പേരുടെ നിമിത്തം നശിപ്പിക്കുകയില്ല എന്ന് അവൻ അരുളിച്ചെയ്തു.

അപ്പോൾ അവൻ: കർത്താവു കോപിക്കരുതേ; ഞാൻ ഇനി ഒരു പ്രാവശ്യം മാത്രം സംസാരിക്കും; പക്ഷേ പത്തു പേരെ അവിടെ കണ്ടാലോ എന്ന് പറഞ്ഞു. ഞാൻ പത്തുപേരുടെ നിമിത്തം നശിപ്പിക്കുകയില്ല എന്ന് അവൻ അരുളിച്ചെയ്തു. യഹോവ അബ്രാഹാമിനോട് അരുളിച്ചെയ്തു തീർന്ന ശേഷം അവിടെ നിന്ന് പോയി. അബ്രാഹാമും തന്റെ സ്ഥലത്തേക്ക് മടങ്ങിപ്പോയി.

ആ രണ്ടു ദൂതന്മാർ വൈകുംനേരത്തു സോദോമിൽ എത്തി; ലോത്ത് സൊദോം പട്ടണവാതിൽക്കൽ ഇരിക്കയായിരുന്നു; അവരെ കണ്ടിട്ട് ലോത്ത് എഴുന്നേറ്റു എതിരേറ്റു ചെന്നു നിലംവരെ കുനിഞ്ഞു നമസ്കരിച്ചു: യജമാനന്മാരേ, അടിയന്റെ വീട്ടിൽ വന്നു നിങ്ങളുടെ കാലുകളെ കഴുകി രാപാർപ്പിൻ; കാലത്തു എഴുന്നേറ്റു നിങ്ങളുടെ വഴിക്കു പോകയുമാകാം എന്ന് പറഞ്ഞതിന്നു: അല്ല, ഞങ്ങൾ വീഥിയിൽത്തന്നെ രാപാർക്കും എന്ന് അവർ പറഞ്ഞു. അവൻ അവരെ ഏറ്റവും നിർബന്ധിച്ചു; അപ്പോൾ അവർ അവന്റെ അടുക്കൽ തിരിഞ്ഞു അവന്റെ വീട്ടിൽ ചെന്നു; അവൻ അവർക്കു വിരുന്നൊരുക്കി, പുളിപ്പില്ലാത്ത അപ്പം ചുട്ടു; അവർ ഭക്ഷണം കഴിച്ചു.

ആ പുരുഷന്മാർ ലോത്തിനോട്: ഇവിടെ നിനക്ക് മറ്റുവല്ലവരും ഉണ്ടോ? മരുമക്കളോ പുത്രന്മാരോ പുത്രിമാരോ ഇങ്ങനെ പട്ടണത്തിൽ നിനക്കുള്ളവരെയൊക്കെയും ഈ സ്ഥലത്തുനിന്നു കൊണ്ടുപൊയ്ക്കൊൾക: ഇവരെക്കുറിച്ചുള്ള ആവലാതി യഹോവയുടെ മുൻപാകെ വലുതായിത്തീർന്നിരിക്കകൊണ്ടു ഞങ്ങൾ ഈ സ്ഥലത്തെ നശിപ്പിക്കും. അതിനെ നശിപ്പിപ്പാൻ യഹോവ ഞങ്ങളെ അയച്ചിരിക്കുന്നു എന്ന് പറഞ്ഞു. അങ്ങനെ ലോത്ത് ചെന്ന് തന്റെ പുത്രിമാരെ വിവാഹം ചെയ്‌വാനുള്ള മരുമക്കളോടു സംസാരിച്ചു: നിങ്ങൾ എഴുന്നേറ്റു ഈ സ്ഥലം വിട്ടു പുറപ്പെടുവിൻ; യഹോവ ഈ പട്ടണം നശിപ്പിക്കും എന്ന് പറഞ്ഞു. എന്നാൽ അവൻ കളി പറയുന്നു എന്ന് അവന്റെ മരുമക്കൾക്കു തോന്നി.

**നിങ്ങളുടെ ജീവനുവേണ്ടി രക്ഷപ്പെടുക.**

ഉഷസായപ്പോൾ ദൂതന്മാർ ലോത്തിനെ ബദ്ധപ്പെടുത്തി: ഈ പട്ടണത്തിന്റെ അകൃത്യത്തിൽ നശിക്കാതിരിപ്പാൻ എഴുന്നേറ്റു നിന്റെ ഭാര്യയെയും ഇവിടെ കാണുന്ന നിന്റെ രണ്ടു പുത്രിമാരെയും കൂട്ടികൊണ്ടുപൊയ്ക്കൊൾക എന്ന് പറഞ്ഞു. അവൻ താമസിച്ചപ്പോൾ, യഹോവ അവനോടു കരുണ ചെയ്കയാൽ, ആ പുരുഷന്മാർ അവനെയും ഭാര്യയെയും രണ്ടു പുത്രിമാരെയും കൈക്കു പിടിച്ചു പട്ടണത്തിന്റെ പുറത്തു കൊണ്ടുപോയി ആക്കി. അവരെ പുറത്തു കൊണ്ടുവന്ന ശേഷം അവൻ: ജീവരക്ഷയ്ക്കായി ഓടിപ്പോക: പുറകോട്ടു നോക്കരുത്; ഈ പ്രദേശത്തെങ്ങും നിൽക്കയുമരുത്; നിനക്ക് നാശം ഭവിക്കാതിരിപ്പാൻ പർവ്വതത്തിലേക്കു ഓടിപ്പോക എന്ന് പറഞ്ഞു.

ലോത്ത് അവരോടു പറഞ്ഞത്: അങ്ങനെയല്ല കർത്താവേ; നിനക്ക് അടിയനോട് കൃപ തോന്നിയല്ലോ; എന്റെ ജീവനെ രക്ഷിപ്പാൻ എനിക്ക് വലിയ കൃപ കാണിച്ചിരിക്കുന്നു; പർവതത്തിൽ ഓടിയെത്തുവാൻ എനിക്ക് കഴിയില്ല; പക്ഷെ എനിക്ക് ദോഷം തട്ടി മരണം ഭവിക്കും. ഇതാ, ഈ പട്ടണം സമീപമാകുന്നു; അവിടേക്കു എനിക്ക് ഓടാം; അത് ചെറിയതുമാകുന്നു; ഞാൻ അവിടേക്കു ഓടിപ്പോകട്ടെ. അത് ചെറിയതല്ലോ; എന്നാൽ എനിക്ക് ജീവരക്ഷ ഉണ്ടാകും. അവൻ അവനോടു: ഇക്കാര്യത്തിലും ഞാൻ നിന്നെ കടാക്ഷിച്ചിരിക്കുന്നു; നീ പറഞ്ഞ പട്ടണം ഞാൻ മറിച്ചുകളകയില്ല. ബദ്ധപ്പെട്ടു അവിടേക്കു ഓടിപ്പോക; നീ അവിടെ എത്തുവോളം എനിക്ക് ഒന്നും ചെയ്‌വാൻ കഴികയില്ല എന്ന് പറഞ്ഞു.

അതുകൊണ്ടു ആ പട്ടണത്തിനു സോവർ എന്ന് പേരായി. ലോത്ത് സോവരിൽ കടന്നപ്പോൾ സൂര്യൻ ഉദിച്ചിരുന്നു. യഹോവ സോദോമിന്റെയും ഗൊമോരയുടെയും മേൽ യഹോവയുടെ സന്നിധിയിൽനിന്നു, ആകാശത്തുനിന്നു തന്നെ, ഗന്ധകവും തീയും വാർഷിപ്പിച്ചു. ആ പട്ടണങ്ങൾക്കും പ്രദേശത്തിനും മുഴുവനും ആ പട്ടണങ്ങളിലെ സകലനിവാസികൾക്കും നിലത്തെ സസ്യങ്ങൾക്കും ഉന്മൂലനാശം വരുത്തി. ലോത്തിന്റെ ഭാര്യ അവന്റെ പിന്നിൽനിന്ന് തിരിഞ്ഞുനോക്കി ഉപ്പുതൂണായി ഭവിച്ചു.

അബ്രാഹാം രാവിലെ എഴുന്നേറ്റു താൻ യഹോവയുടെ സന്നിധിയിൽ നിന്നിരുന്ന സ്ഥലത്തു ചെന്നു, സോദോമിനും ഗൊമോരക്കും ആ പ്രദേശത്തിലെ സകല ദിക്കിനും നേരെ നോക്കി, ദേശത്തിലെ പുക തീച്ചൂളയിലെ പുകപോലെ പൊങ്ങുന്നതു കണ്ടു. എന്നാൽ ആ പ്രദേശത്തിലെ പട്ടണങ്ങളെ നശിപ്പിക്കുമ്പോൾ ദൈവം അബ്രാഹാമിനെ ഓർത്തു ലോത്ത് പാർത്ത പട്ടണങ്ങൾക്കു ഉന്മൂലനാശം വരുത്തുകയിൽ ലോത്തിനെ ആ ഉന്മൂലനാശത്തിൽനിന്നു വിടുവിച്ചു.

## ഹാഗാറും യിശ്മയേലും.

ഉല്പ. 21:1-3, 8-21

അനന്തരം യഹോവ താൻ അരുളിചെയ്തിരുന്നതുപോലെ സാറയെ സന്ദർശിച്ചു; താൻ വാഗ്ദത്തം ചെയ്തിരുന്നത് യഹോവ സാറയ്ക്ക് നിവർത്തിച്ചുകൊടുത്തു. അബ്രാഹാമിന്റെ വാർദ്ധക്യത്തിൽ ദൈവം അവനോടു അരുളിചെയ്തിരുന്ന അവധിക്കു സാറ ഗർഭം ധരിച്ചു ഒരു മകനെ പ്രസവിച്ചു. സാറ അബ്രാഹാമിന് പ്രസവിച്ച മകന് അവൻ യിസ്ഹാക്ക് എന്ന് പേരിട്ടു. പൈതൽ വളർന്നു മുലകുടി മാറി; യിസ്ഹാക്കിന്റെ മുലകുടി മാറിയ നാളിൽ അബ്രാഹാം ഒരു വലിയ വിരുന്നു കഴിച്ചു.

മിസ്രയീമ്യദാസി ഹാഗാർ അബ്രാഹാമിന് പ്രസവിച്ച മകൻ പരിഹാസി എന്ന് സാറ കണ്ടു അബ്രാഹാമിനോട്: ഈ ദാസിയെയും മകനെയും പുറത്താക്കിക്കളക; ഈ ദാസിയുടെ മകൻ എന്റെ മകൻ യിസ്ഹാക്കിനോട് കൂടെ അവകാശിയാകരുത് എന്ന് പറഞ്ഞു. തന്റെ മകൻ നിമിത്തം ഈ കാര്യം അബ്രാഹാമിന് അനിഷ്ടമായി.

എന്നാൽ ദൈവം അബ്രാഹാമിനോട്: ബാലന്റെ നിമിത്തവും ദാസിയുടെ നിമിത്തവും നിനക്ക് അനിഷ്ടം തോന്നരുത്; സാറ നിന്നോട് പറഞ്ഞതിലൊക്കെയും അവളുടെ വാക്കു കേൾക്ക; യിസ്ഹാക്കിൽനിന്നുള്ളവരല്ലോ നിന്റെ സാക്ഷാൽ സന്തതിയെന്ന് വിളിക്കപ്പെടുന്നത്. ദാസിയുടെ മകനെയും ഞാൻ ഒരു ജാതിയാക്കും; അവൻ നിന്റെ സന്തതിയല്ലോ എന്ന് അരുളിച്ചെയ്തു.

അബ്രാഹാം അതികാലത്തു എഴുന്നേറ്റു അപ്പവും ഒരു തുരുത്തി വെള്ളവും എടുത്തു ഹാഗാറിന്റെ തോളിൽ വെച്ചു, കുട്ടിയേയും കൊടുത്തു അവളെ അയച്ചു; അവൾ പുറപ്പെട്ടുപോയി ബേർ-ശേബ മരുഭൂമിയിൽ ഉഴന്നു നടന്നു. തുരുത്തിയിലെ വെള്ളം ചെലവായശേഷം അവൾ കുട്ടിയെ ഒരു കുറുങ്കാട്ടിൻ തണലിൽ ഇട്ടു. അവൾ പോയി അതിന്നെതിരെ ഒരു അമ്പിൻ പാടു ദൂരത്തു ഇരുന്നു: കുട്ടിയുടെ മരണം എനിക്ക് കാണേണ്ട എന്ന് പറഞ്ഞു എതിരെ ഇരുന്നു ഉറക്കെ കരഞ്ഞു. ദൈവം ബാലന്റെ നിലവിളി കേട്ട്; ദൈവത്തിന്റെ ദൂതൻ ആകാശത്തു നിന്ന് ഹാഗാറിനെ വിളിച്ചു അവളോട്: ഹാഗാരേ, നിനക്ക് എന്ത്? നീ ഭയപ്പെടേണ്ട; ബാലൻ ഇരിക്കുന്നേടത്തു നിന്നു അവന്റെ നിലവിളി ദൈവം കേട്ടിരിക്കുന്നു. നീ എഴുന്നേറ്റു ചെന്ന് ബാലനെ താങ്ങി എഴുന്നേല്പിച്ചുകൊൾക; ഞാൻ അവനെ ഒരു വലിയ ജാതിയാക്കും എന്ന് അരുളിച്ചെയ്തു. ദൈവം അവളുടെ കണ്ണ് തുറന്നു; അവൾ ഒരു നീരുറവു കണ്ടു, ചെന്നു തുരുത്തിയിൽ വെള്ളം നിറച്ചു ബാലനെ കുടിപ്പിച്ചു.

ദൈവം ബാലനോടുകൂടെ ഉണ്ടായിരുന്നു; അവൻ മരുഭൂമിയിൽ പാർത്തു, മുതിർന്നപ്പോൾ ഒരു വില്ലാളിയായി തീർന്നു. അവൻ പാരാൻ മരുഭൂമിയിൽ പാർത്തു; അവന്റെ അമ്മ മിസ്രയീംദേശത്തുനിന്നു അവന്നു ഒരു ഭാര്യയെ കൊണ്ടുവന്നു.

## അബ്രാഹാം യിസ്ഹാക്കിനെ ബലിയർപ്പിക്കുന്നു.

ഉല്പ. 22:1-19

അതിന്റെ ശേഷം ദൈവം അബ്രാഹാമിനെ പരീക്ഷിച്ചത് എങ്ങനെയെന്നാൽ: അബ്രാഹാമേ, എന്ന് വിളിച്ചതിന്നു: ഞാൻ ഇതാ എന്ന് അവൻ പറഞ്ഞു. അപ്പോൾ അവൻ: നിന്റെ മകനെ, നീ സ്നേഹിക്കുന്ന നിന്റെ ഏകജാതനായ യിസ്ഹാക്കിനെ തന്നെ കൂട്ടിക്കൊണ്ടു മോറിയ ദേശത്തു ചെന്ന്, അവിടെ ഞാൻ നിന്നോട് കൽപ്പിക്കുന്ന ഒരു മലയിൽ അവനെ ഹോമയാഗം കഴിക്ക എന്ന് അരുളിച്ചെയ്തു.

അബ്രാഹാം അതികാലത്തു എഴുന്നേറ്റു കഴുതയ്ക്കു കോപ്പിട്ടു കെട്ടി ബാല്യക്കാരിൽ രണ്ടുപേരെയും തന്റെ മകൻ യിസ്ഹാക്കിനെയും കൂട്ടി വിറകുകീറി എടുത്തുംകൊണ്ടു പുറപ്പെട്ടു.

ഹോമയാഗത്തിനു ദൈവം തന്നോട് കൽപ്പിച്ച സ്ഥലത്തേക്ക് പോയി. മൂന്നാം ദിവസം അബ്രാഹാം നോക്കി ദൂരത്തു നിന്ന് ആ സ്ഥലം കണ്ടു. അബ്രാഹാം ബാല്യക്കാരോട്: നിങ്ങൾ കഴുതയുമായി ഇവിടെ ഇരിപ്പിൻ; ഞാനും ബാലനും അവിടത്തോളം ചെന്ന് ആരാധന കഴിച്ചു മടങ്ങിവരാം എന്ന് പറഞ്ഞു.

അബ്രാഹാം ഹോമയാഗത്തിനുള്ള വിറകു എടുത്തു മകനായ യിസ്ഹാക്കിന്റെ ചുമലിൽ വെച്ചു; തീയും കത്തിയും താൻ എടുത്തു; ഇരുവരും ഒന്നിച്ചു നടന്നു. അപ്പോൾ യിസ്ഹാക്ക് തന്റെ അപ്പനായ അബ്രാഹാമിനോട്: അപ്പാ, എന്ന് പറഞ്ഞതിന് അവൻ: എന്താകുന്നു മകനെ എന്ന് പറഞ്ഞു. തീയും വിറകുമുണ്ട്; എന്നാൽ ഹോമയാഗത്തിന്നു ആട്ടിൻ കുട്ടി എവിടെ എന്ന് അവൻ ചോദിച്ചു.

ദൈവം തനിക്കു ഹോമയാഗത്തിന്നു ഒരു ആട്ടിൻ കുട്ടിയെ നോക്കിക്കൊള്ളും, മകനേ, എന്ന് അബ്രാഹാം പറഞ്ഞു. അങ്ങനെ അവർ ഇരുവരും ഒന്നിച്ചു നടന്നു.

ദൈവം കല്പിച്ചിരുന്ന സ്ഥലത്തു അവർ എത്തി; അബ്രാഹാം ഒരു യാഗപീഠം പണിതു, വിറകു അടുക്കി, തന്റെ മകൻ യിസ്ഹാക്കിനെ കെട്ടി യാഗപീഠത്തിന്മേൽ വിറകിന്മീതെ കിടത്തി.

പിന്നെ അബ്രാഹാം കൈ നീട്ടി തന്റെ മകനെ അറുക്കേണ്ടതിനു കത്തി എടുത്തു.

ഉടനെ യഹോവയുടെ ദൂതൻ ആകാശത്തുനി

ന്നു: അബ്രാഹാമേ, അബ്രാഹാമേ, എന്ന് വിളിച്ചു; ഞാൻ ഇതാ, എന്ന് അവൻ പറഞ്ഞു. ബാലന്റെ മേൽ കൈവെക്കരുത്; അവനോടു ഒന്നും ചെയ്യരുത്; നിന്റെ ഏകജാതനായ മകനെ തരുവാൻ നീ മടിക്കായ്കകൊണ്ടു നീ ദൈവത്തെ ഭയപ്പെടുന്നു എന്ന് ഞാൻ ഇപ്പോൾ അറിയുന്നു എന്ന് അവൻ അരുളിച്ചെയ്തു.

അബ്രാഹാം തലപൊക്കി നോക്കിയപ്പോൾ പിമ്പുറത്തു ഒരു ആട്ടുകൊറ്റൻ കൊമ്പു കാട്ടിൽ പിടിപ്പെട്ടു കിടക്കുന്നതു കണ്ടു; അബ്രാഹാം ചെന്ന് ആട്ടുകൊറ്റനെ പിടിച്ചു തന്റെ മകന്നു പകരം ഹോമയാഗം കഴിച്ചു. അബ്രാഹാം ആസ്ഥലത്തിന്നു യഹോവ -യിരേ എന്ന് പേരിട്ടു. യഹോവയുടെ പർവ്വതത്തിൽ അവൻ പ്രത്യക്ഷനാകും എന്ന് ഇന്നുവരെയും പറഞ്ഞുവരുന്നു.

യഹോവയുടെ ദൂതൻ രണ്ടാമതും ആകാശത്തു നിന്നും അബ്രാഹാമിനോട് വിളിച്ചു അരുളിച്ചെയ്തതു: നീ ഈ കാര്യം ചെയ്തു, നിന്റെ ഏകജാതനായ മകനെ തരുവാൻ മടിക്കായ്കകൊണ്ടു ഞാൻ നിന്നെ ഐശ്വര്യമായി അനുഗ്രഹിക്കും; നിന്റെ സന്തതിയെ ആകാശത്തിലെ നക്ഷത്രങ്ങൾ പോലെയും കടൽക്കരയിലെ മണൽ പോലെയും അത്യന്തം വർധിപ്പിക്കും; നിന്റെ സന്തതി ശത്രുക്കളുടെ പട്ടണങ്ങളെ അവകാശമാക്കും. നീ എന്റെ വാക്ക് അനുസരിച്ചതുകൊണ്ടു നിന്റെ സന്തതി മുഖാന്തരം ഭൂമിയിലുള്ള സകലജാതികളും അനുഗ്രഹിക്കപ്പെടും എന്ന് ഞാൻ എന്നെക്കൊണ്ട് തന്നേ സത്യം ചെയ്തിരിക്കുന്നു എന്ന് യഹോവ അരുളിച്ചെയ്യുന്നു.

പിന്നെ അബ്രാഹാം ബാല്യക്കാരുടെ അടുക്കൽ മടങ്ങിവന്നു; അവർ ഒന്നിച്ചു പുറപ്പെട്ടു ബേർ-ശെബയിലേക്ക് പോന്നു; അബ്രാഹാം ബേർ-ശെബയിൽ പാർത്തു.

### സാറയുടെ മരണം.

ഉല്പ. 23:1, 2, 19, 20

സാറയ്ക്കു നൂറ്റിരുപത്തേഴു വയസ്സ് ആയിരുന്നു: സാറായുടെ ആയുഷ്കാലം. സാറ കനാൻ ദേശത്തു ഹെബ്രോൻ എന്ന കിര്യാത്തർബയിൽ വെച്ച് മരിച്ചു; അബ്രാഹാം സാറയെക്കുറിച്ചു വിലപിച്ചു കരവാൻ വന്നു.

അതിന്റെ ശേഷം അബ്രാഹാം തന്റെ ഭാര്യയായ സാറയെ കനാൻ ദേശത്തിലെ ഹെബ്രോൻ എന്ന മമ്രേക്കെരികെയുള്ള മക്പേലനിലത്തിലെ ഗുഹയിൽ അടക്കം ചെയ്തു. ഇങ്ങനെ ഹിത്യർ ആ നിലവും അതിലെ ഗുഹയും അബ്രാഹാമിന്നു ശ്മശാനവകാശമായി ഉറപ്പിച്ചുകൊടുത്തു.

സഹസ്രാബ്ദം

## മനുഷ്യവർഗ്ഗത്തിനു വരാനിരിക്കുന്ന അനുഗ്രഹങ്ങൾ

ക്രിസ്തു എല്ലാവർക്കും വേണ്ടി മരണമാസ്വദിച്ചു,
(എബ്രാ. 2:9)
ഇതൊരിക്കൽ - ഇനി താൻ മരിക്കയില്ല; (റോമ. 6:9)
സകലരും രക്ഷപ്രാപിപ്പാൻ ദൈവമിച്ഛിക്കുന്നു;
(1 തിമൊ. 2:4)
സകലതും താൻ യഥാസ്ഥാനപ്പെടുത്തും. (അപ്പൊ. 3:21)

കല്ലറകളിലുള്ളവർ വേഗം ക്രിസ്തുവിൻ ശബ്ദം കേൾക്കും
(യോഹ. 5:28,29)
മരണനിദ്രവിട്ടുണരുവാൻ തന്നെ (ദാനി. 12:2)
പാതാളമരണങ്ങൾ തങ്ങളിലെ മരിച്ചവരെ മടക്കിനൽകും
(വെളി. 20:13)
പൊടിയിൽ നിന്നും സമുദ്ര ആഴങ്ങളിൽ നിന്നും.
(യെശ. 26:19)

അബ്രഹാമ്യസന്തതി ഭൂമിയെ അനുഗ്രഹിക്കും.
(അപ്പൊ. 3:25)
ഏവർക്കും സത്യവെളിച്ചം നൽകിടും, (യോഹ. 1:9)
ദൈവത്തിൻ ദിവ്യഉദ്ദേശ്യം അറിഞ്ഞിടാനും (യിരെ. 31:34)
നീതിയെ പഠിക്കുന്നതിനും. (യെശ. 26:9)

ആ വാക്ക് കേട്ടിടാത്ത ഏവനും (അപ്പൊ. 3:23)
ആത്മാവിന്റേതും മണവാട്ടിയുടേതും (വെളി. 22:17)
രണ്ടാംമരണത്തിൽ അവർ ഛേദിക്കപ്പെടും (വെളി. 21:8)
അവരുടെ നിത്യജീവൻ ഹനിക്കപ്പെടും (1 യോഹ. 5:12)

"ഇച്ഛിക്കുന്നവൻ" ഒരു നാളും മരിക്കയില്ല, (യോഹ. 11:26)
പെരുവഴിയും പാതയുമുണ്ടായിരിക്കുമവിടെ (യെശ. 35:8)
പൂർണ്ണ മനുഷ്യ ജീവനിലേക്ക് നയിക്കുന്നവ (യോവേ. 2:28)
നിത്യാനന്ദത്തിലേക്കും നയിക്കുന്നവ. (യെശ. 35:10)

സാത്താൻ ആയിരമാണ്ടേക്കു ചങ്ങലയിൽ, (വെളി. 20:2,3)
ക്രിസ്തുവിൻ ബന്ധനത്തിൻ കീഴിൽത്തന്നെ (സങ്കീ. 89:32)
വീണ്ടെടുക്കപ്പെട്ടവർക്ക് തേടാം, കണ്ടെത്താം.
(ഹോശേ. 13:14)
ദൈവം അവരോടുകൂടെയിരിക്കും. (വെളി. 21:3)

വീണ്ടെടുക്കപ്പെട്ട വർഗ്ഗം, പുതുക്കപ്പെട്ട ഭൂമി, (യെശ. 65:17)
സമ്പൽസമൃദ്ധി അസംഖ്യമായും, (സംഖ്യ. 14:21)
നീതി വസിക്കുന്നതായ ആ ലോകം (2 പത്രൊ. 3:13)
മാനവൻ ദൈവകൃപ ദർശിക്കുമവിടെ! (സങ്കീ. 97:5,6)

നോവും ദീനവും ദുഃഖവും മരണവും, (യെശ. 33:22,24)
എല്ലാം തുടച്ചു കളയപ്പെടും, (വെളി. 21:4)
ദൈവത്തോടുള്ള സ്നേഹപുരസര വിശ്വാസം.
(മത്താ. 25:31-40)
എക്കാലവും നിത്യം നിലനിന്നിടും. (വെളി. 21:22-26)

# ബൈബിൾ ചോദ്യം [BIBLE QUESTION]

**വിദ്വേഷം-ഇത് എപ്പോഴെങ്കിലും ഉചിതമാണോ?**

**ചോദ്യം** (1984) - ദൈവജനത്തിന് അവരുടെ ഹൃദയങ്ങളിൽ എപ്പോഴെങ്കിലും ഏതെങ്കിലും തരം വിദ്വേഷം ഉണ്ടായിരിക്കണമോ?

**ഉത്തരം** - ദാവീദ് പറഞ്ഞു: "യഹോവേ നിന്നെ പകയ്ക്കേണ്ടവരെ ഞാൻ പകയ്ക്കേണ്ടതല്ലയോ? നിന്നോട് എതിർത്ത് നിൽക്കുന്നവരെ ഞാൻ വെറുക്കേണ്ടതല്ലയോ? ഞാൻ പൂർണ്ണദ്വേഷത്തോടെ അവരെ ദ്വേഷിക്കുന്നു; അവരെ ശത്രുക്കളായി എണ്ണുന്നു" സങ്കീ. 139: 21, 22. തീർച്ചയായും ദൈവജനം തിന്മയെ വെറുക്കണം, അതിനോട് മമത കാണിക്കരുത്. "യഹോവയെ സ്നേഹിക്കുന്നവരേ, ദോഷത്തെ വെറുപ്പിൻ" (സങ്കീ. 97:10). "തിന്മ ദ്വേഷിച്ചു നന്മ ഇച്ഛിക്കുക" (ആമോ. 5:15). "സ്നേഹം നിർവ്യാജമായിരിക്കട്ടെ: തീയതിനെ വെറുത്തു നല്ലതിനോടു പറ്റിക്കൊൾവിൻ" (റോമ. 12:9). യേശുവിനെ കുറിച്ച് അത് പ്രാവചനികമായി പ്രസ്താവിച്ചു, "നീ നീതിയെ ഇഷ്ടപ്പെടുകയും ദുഷ്ടതയെ ദ്വേഷിക്കുകയും ചെയ്തിരിക്കയാൽ ദൈവമേ, നിന്റെ ദൈവം നിന്റെ കൂട്ടുകാരിൽ പരമായി നിന്നെ ആനന്ദതൈലംകൊണ്ടു അഭിഷേകം ചെയ്തിരിക്കുന്നു" (എബ്രാ. 1:9; സങ്കീ. 45:7).

പാരമ്പര്യമായി ലഭിച്ച ബലഹീനത, മോശം ചുറ്റുപാടുകൾ, ദുഷ്പ്രവൃത്തികളിൽ സ്വയമായുള്ള മനഃപൂർവമായ ആസക്തി എന്നിവ കാരണം പലരും ഏറെക്കുറെ അനീതിയുടെ സ്വാധീനത്തിലാണ്. നാമെല്ലാവരും വീഴ്ചഭവിച്ച അവസ്ഥയിലാണ് ജനിച്ചത് (സങ്കീ. 51:5). അകൃത്യത്തെയും പാപത്തെയും നാം വെറുക്കുമ്പോൾത്തന്നെ, ദുർബലരായ മനുഷ്യവർഗത്തോട് അനുകമ്പ കാണിക്കാൻ നാം കൂടുതൽ കൂടുതൽ പഠിക്കേണ്ടതുണ്ട്."നാം പാപികൾ ആയിരിക്കുമ്പോൾത്തന്നെ ക്രിസ്തു നമുക്കുവേണ്ടി മരിച്ചു" (റോമ. 5:6,8; യോഹന്നാൻ 3:16) എന്നതിലൂടെ ദൈവത്തിന്റെ അനുകമ്പ വളരെ വലുതാണ് എന്ന് നാം മനസിലാക്കേണം. നമുക്ക് നമ്മുടെ കർത്താവിന്റെ മനസ്സുണ്ടായിരിക്കണം; എന്നാൽ നാം തിന്മയോട് മമത കാണിക്കരുത്. ഒരിക്കൽ പ്രകാശനം ലഭിക്കുകയും അനീതിയോടു പൂർണ്ണമായി മമത കാണിക്കുകയും ചെയ്തവരുണ്ടെങ്കിൽ (തിരുവെഴുത്തുകൾ പ്രകാരം അങ്ങനെയുള്ളവരുണ്ട്-എബ്രാ. 6:4-6; 10:27- 31; 2 പത്രൊ. 2:1, 12-22; 1 യോഹ. 5:16; യൂദാ 4, 8-13) അവർ സ്വയം അനീതിനിറഞ്ഞവരാണ്, അവർ സാത്താന്റെ ഗണത്തിൽ പെടും.

നാം സാത്താനെയും അവന്റെ അനീതികളെയും വെറുക്കണം, "പൂർണ്ണദ്വേഷത്തോടെ"— അത്രമാത്രം അവന്റെ പാപപൂർണമായ ഏതെങ്കിലും രീതികളുമായി നമ്മെ ബന്ധപ്പെടുത്തുന്ന ഒന്നിലും വിട്ടുവീഴ്ച ചെയ്യുകയോ അതിൽ പ്രവേശിക്കുകയോ ചെയ്യില്ല. നാം "ഇരുട്ടിന്റെ നിഷ്ഫല പ്രവൃത്തികളിൽ കൂട്ടാളികളാകരുത്, അവയെ ശാസിക്കയത്രെ വേണ്ടത്" (എഫെ. 5:11). നമ്മുടെ എല്ലാ താൽപ്പര്യവും കർത്താവിന്റെ പക്ഷത്തായിരിക്കണം. നാം കർത്താവിനെ എത്രയധികം സ്നേഹിക്കുന്നുവോ അത്രയധികം നമ്മൾ തനിക്കെതിരായുള്ള എല്ലാറ്റിനെയും വെറുക്കും. അതനുസരിച്ച്, ഞങ്ങൾ വലിയ എതിരാളിയായ, അന്ധകാരപ്രഭുവായ, സാത്താനെ, പൂർണ്ണദ്വേഷത്തോടെ ദ്വേഷിക്കുന്നു; തിന്മയിൽ മാറ്റമില്ലാതെ ഉറച്ചുനിൽക്കുന്ന, അവന്റെ അനുയായികളോ അനുകമ്പയുള്ളവരോ ആയിത്തീരുന്ന ഏതൊരാളും അതേ തരത്തിലുള്ള വെറുപ്പിന് അർഹരാണ്.

എന്നാൽ അത്തരം ഒരു വിദ്വേഷം നമ്മുടെ ഭാഗത്തുനിന്നുള്ള ദുഷ്പ്രവണതയോ അല്ലെങ്കിൽ അവരെ എങ്ങനെയെങ്കിലും അപായപ്പെടുത്തുകയോ അല്ലെങ്കിൽ അവർ അൽപ്പനേരത്തേക്കെങ്കിലുമോ നിത്യമായോ പീഡിപ്പിക്കപ്പെടുകയോ ചെയ്യണമെന്ന ആഗ്രഹമോ സന്തോഷമോ ആയിരിക്കില്ല അർത്ഥമാക്കുന്നത്. അത് ദൈവത്തിനു ഉള്ള അതേ വിദ്വേഷം തന്നെയായിരിക്കും. മുകളിൽ കാണുന്നത് പോലെ ദൈവം തികച്ചും നീതിമാനാണ്, അവിടുത്തെ വിദ്വേഷം സാത്താന്റെയും അവന്റെ ആത്മാവിലുള്ള, പൂർണ്ണമായും മാറ്റാനാകാത്തവിധം ദുഷ്ടത നിറഞ്ഞു തിന്മയിൽ ഉറച്ചുനിൽക്കുന്നവരുടെയും തക്കസമയത്തുള്ള വിനാശം (ഉന്മൂലനം) എന്നാണ് അർത്ഥമാക്കുന്നത്. (എബ്രാ. 2:14; മത്താ. 25:41, 46-അത് "നിത്യമായ ഛേദനം" എന്ന് വായിക്കണം). അതാണ് നമുക്ക് ഉണ്ടായിരിക്കേണ്ട പൂർണ്ണമായ വിദ്വേഷം, അവനോടു ബന്ധപ്പെട്ട എല്ലാവരുടെയും നന്മയ്ക്കായി, രൂപാന്തരപ്പെടുത്താനാവാത്ത ദൈവത്തിന്റെ എതിരാളികളെ നശിപ്പിക്കുന്നത് കാണാൻ ആഗ്രഹിക്കുന്ന വിദ്വേഷമാണ് അത്.

Reg.No. RNI NO. KER MAL / 2008 / 24642 Dt. 17-07-2008
This Magazine is translated from English Bible Standard Published by the Laymen's Home Missionary Movement - Bible Standard Ministries, 1156 St. Matthews Road, Chestersprings, PA 19425 - 2700, U.S.A. Editor, Leon J. Snyder.

## ഞങ്ങളുടെ മലയാളം പ്രസിദ്ധീകരണങ്ങൾ

- യഥാസ്ഥാപനം
- യേശുവിന്റെ രണ്ടാംവരവ്
- ഭൂമിയിൽ വരുവാനുള്ള ദിവ്യാധിപത്യം
- പൂർണ്ണ സുവിശേഷം
- നിങ്ങൾക്കറിയാമോ?
- സമാധാനം അതെങ്ങനെ കൈവരും?
- പുതിയ ഭൂമി
- ന്യായവിധി ദിവസം
- ആപൽക്കരമായ മലിനീകരണം
- ദൈവമോ സാത്താനോ വിജയിക്കുന്നത്?
- യഥാർത്ഥ സ്വാതന്ത്ര്യം
- ദൈവം നിങ്ങളെ സ്നേഹിക്കുന്നു
- പറുദീസയിലെ കള്ളന്മാർ
- യിസ്രായേലിന്റെ തിരിച്ചുവരവ്
- എന്താണ് സത്യം?
- മഹാപിരമിഡ്
- ജീവനും അമർത്യതയും
- ആത്മാവ് എന്നാൽ എന്ത്?
- മരിച്ചവരുടെ പുനരുത്ഥാനം
- നരകം ഒരു ദണ്ഡനസ്ഥലമല്ല
- മരിച്ചവർ എവിടെ?
- ധനവാനും ലാസറും എന്ന ഉപമ

## ചരമ അറിയിപ്പ്



LHMM ചങ്ങനാശ്ശേരി സഭയുടെ അംഗവും മുൻ ശുശ്രൂഷകനുമായിരുന്ന മുട്ടത്തുപടി പാണംപറമ്പിൽ പി.എസ്. ഏബ്രഹാം (അവറാച്ചൻ, 72 വയസ്) 2023 ഒക്ടോബർ മാസം 11-ാം തീയതി ബുധനാഴ്ച അന്തരിച്ചു. 14-ാം തീയതി ശനിയാഴ്ച സംസ്കാരം നടത്തി. മരണപര്യന്തം വിശ്വസ്തതയോടെ ലഭിച്ച സത്യത്തിൽ ഉറച്ച് നിന്ന ഞങ്ങളുടെ പ്രിയസഹോദരന്റെ മരണത്തിലുള്ള ഞങ്ങളുടെ അനുശോചനവും ദുഃഖവും അറിയിക്കുന്നു.

നീതിമാന്റെ ഓർമ്മ എന്നേക്കും നിലനില്ക്കും (സങ്കീ. 112:6) എന്നും തന്റെ ഭക്തന്മാരുടെ മരണം യഹോവെക്കു വിലയേറിയതാകുന്നു (സങ്കീ. 116:15) എന്നുമുള്ള വേദവചനങ്ങളുടെ അടിസ്ഥാനത്തിൽ "പ്രത്യാശയില്ലാത്ത മറ്റുള്ളവരെപ്പോലെ നിങ്ങൾ ദുഃഖിക്കരുത്" എന്ന വചനത്താൽ നമുക്ക് ആശ്വസിക്കാം. എന്തെന്നാൽ സമീപഭാവിയിൽ ഭൂമിയിൽ സ്ഥാപിക്കപ്പെടുവാനുള്ള ദൈവരാജ്യത്തിൽ അനുഗ്രഹകരമായ ഒരു അവകാശം പ്രാപിക്കുന്നതിനു വേണ്ടി സഹോദരൻ കല്ലറയിൽനിന്ന് കർത്താവിന്റെ ശബ്ദം കേട്ട് ഉയിർത്തെഴുന്നേറ്റുവരും എന്നതിനാൽ നമുക്ക് ആശ്വസിക്കാം.

Please write for Bible Standard and present Truth English and Tamil Magazines and Parozia, Epiphany Volumes and other English Publications to:-

**Bro. V. Vincent Jeyakumar**
**Representative of India**
Laymen's Home Missionary Movement
#4/81, Eluvaraimukki Main Road,
Eluvaraimukki Village,
Near Thoppur, Nazareth - 628 617,
Thoothukudi District, Tamil Nadu
Mob. : 9894926629
E-mail : vincentlhmm@gmail.com

Please write for Bible Standard Magazines and other publications in Malayalam to the following address:-

**Bro. K.O. Varghese**
**Aux. Pilgrim**
Laymen's Home Missionary Movement
Kilirukkunnel, Puthenchantha P.O.,
Vakathanam, Kottayam, Kerala - 686 538
Mob. : 9446969470, 9497534364
E-mail : kovaux.pgm6@gmail.com

Bible Standard (Malayalam) Bi-monthly Magazine, Owned, Printed, Published by K.O. Varghese, Aux. Pilgrim. L.H.M.M. Kilirukkunnel Puthenchantha P.O., Vakathanam, Kottayam, Kerala Pin- 686 538 Mobile. 9446969470, 9497534364 from Puthenchantha P.O., Vakathanam, Kottayam, Kerala -686 538 at Mukkam Graphics, Industrial Nagar P. O., Changanacherry - 686 106, Editor:- K.P. Mathai, Evangelist L.H.M.M., Kanayankal House, Chakampathal (P.O)., Vazhoor, Kottayam Dt. Kerala Pin- 686 517.

Visit us at : **www.biblestandardindia.com**